# EXODUS

## ബത്തേരി രൂപതാ ബുള്ളറ്റിൻ

August 2017

No. 6 Volume 43



**പുതിയ രൂപതയ്ക്കും മെത്രാന്മാർക്കും**
**ബത്തേരി രൂപതയുടെ പ്രാർത്ഥനാശംസകൾ**





പുതിയ രൂപതയുടെയും, മെത്രാൻമാരുടെയും പ്രഖ്യാപനച്ചടങ്ങ്



മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാൾ – പട്ടം കത്തീഡ്രൽ



മാർ ഈവാനിയോസ് ദിനം–
മെഴുകുതിരി പ്രദക്ഷിണം




മാർ ഈവാനിയോസ് ദിനം–
ബാംഗ്ലൂർ

# EXodus

വാല്യം 43 ജൂലൈ 2017 ലക്കം 4

## Bulletin Team

**PATRON**
Most Rev. Dr. Joseph Mar Thomas

**CO-PATRONS**
Msgr. Mathew Arambankudy
Msgr. Dr. Thomas Kanjiramukalil

**EDITOR**
Rev. Fr. James Maleparambil

**EDITORIAL BOARD**
Very Rev. Philip Vettikatt
(Advisory Editor)
Bro. Puthukkattil Geevarghese
(Circulation Manager)

**TECHNICAL SUPPORT**
Very Rev.Fr. John Charuvila
Sri. V.P.Thomas
Prof. Philomina K.J.

**Printed, Published & Owned by**
Rev. Fr.Philip Vettikatt
Chancellor, Bathery Diocese -
exodussby@gmail.com

**Printed at**
Josin Offset Press, SBY
Ph: 04936 - 227 226

## ഉൾത്താളുകളിൽ

ഇടയശബ്ദം....................................3
തിരുസഭാവാർത്തകൾ.................10
സഭാവാർത്തകൾ...........................11
രൂപതാവാർത്തകൾ......................13
ഗുരുകുലം സെമിനാരി................18
വിശ്വാസപരിശീലനം.......................18
മാതൃജ്യോതിസ് ..............................19
എം.സി.വൈ.എം. .........................19
എം.സി.എ.......................................20
വിൻസെന്റ് ഡി പോൾ.................21
ശ്രേയസ്..........................................22
ഉന്നതവിദ്യാഭ്യാസവേദി ...............23
ഇതരവാർത്തകൾ .....................29

# Bishop's Programme

## August- 2017

| Date | Day | Programme |
|---|---|---|
| 1 | Tuesday | B.Ed. College |
| 2 | Wednesday | Presbytery Council, Curia Meeting |
| 3 | Thursday | Priest Meet- Bathery |
| 4 | Friday | Kottarakkara |
| 5 | Saturday | Trivandrum |
| 6-11 | Sun-Fri | K.C.B.C. |
| 12 | Saturday | Cherthala, Pallipuram |
| 13 | Sunday | Vadasserikara, Fortman |
| 14 | Monday | Pathanamthitta |
| 15 | Tuesday | Pattom, Ayur |
| 16 | Wednesday | MCA-Open forum |
| 17 | Thursday | Higher Education Council-Nilambur<br>Mamamkara school, Shreyas |
| 18 | Friday | Kannur-Mathil Hostel |
| 19 | Saturday | Remban Consecration - TVM |
| 20 | Sunday | Aanakkallil, Holy Mass |
| 21 | Monday | AITEC |
| 22 | Tuesday | Engaged |
| 23 | Wednesday | Bathery |
| 24 | Thursday | Remban Consecration-Puthoor |
| 25-sept6 | Friday | USA |

## ഇടയശബ്ദം



# സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണവും

ഭാരതം സ്വാതന്ത്ര്യം നേടിയിട്ട് ഈ ആഗസ്റ്റ് 15-ന് എഴുപത് കൊല്ലം തികയുകയാണ്. സ്വാതന്ത്ര്യദിന സ്മരണകൾ നമ്മെ ഓർമ്മിപ്പിക്കുന്നത് ത്യാഗത്തിന്റെയും സഹനത്തിന്റെയും പാതയിലൂടെ നടന്നുനീങ്ങിയ ധീര ദേശാഭിമാനികളെയാണ്. പ്രത്യേകിച്ച്, രാഷ്ട്രപിതാവായ ഗാന്ധിജി നയിച്ച സത്യാന്വേഷണത്തിന്റെയും അഹിംസയുടെയും സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റേതുമായ ഒരു അനുസ്മരണ. നാം സ്വാതന്ത്ര്യത്തിന്റെ സപ്തതി ആഘോഷിക്കുമ്പോൾ അഴിമതിയുടെയും, ഹിംസയുടെയും, വിഭാഗീയതയുടെയും, അസമത്വങ്ങളുടെയും, അസ്വസ്ഥതകളുടെയും നാടായി നമ്മുടെ രാഷ്ട്രം അധഃപതിപ്പിക്കുന്നുവോ എന്ന സന്ദേഹത്തിലാണ്.

ഒരു വിശ്വാസിയെ സംബന്ധിച്ച് ആഗസ്റ്റ് 15, പുണ്യദിനമാണ്. പരിശുദ്ധ കന്യകമറിയം ഭൗതികലോകത്തിന്റെ പിടിയിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് സ്വർഗ്ഗാരോപണം ചെയ്ത തിരുനാളാണ് ആഗസ്റ്റ് 15. അങ്ങനെ ഭാരതീയരായ നമ്മെ സംബന്ധിച്ച് ആഗസ്റ്റ് 15 അതിവിശിഷ്ടമായ പുണ്യദിനമായി തീരുന്നു. മനുഷ്യന് രണ്ട് രീതിയിലുള്ള അടിമത്തമുണ്ട്. ഭൗതിക ദാരിദ്ര്യം കൊണ്ടുള്ള അടിമത്തവും, ആത്മീയദാരിദ്ര്യം കൊണ്ടുള്ള അടിമത്തവും. അഥവാ, അപ്പത്തിനുവേണ്ടിയുള്ള വിശപ്പും, ദൈവത്തിനുവേണ്ടിയുള്ള വിശപ്പും. പരിശുദ്ധ കന്യകമറിയം ഈ രണ്ട് അടിമത്തങ്ങളെയും അതിജീവിച്ച സ്വർഗ്ഗീയ രാജ്ഞിയാണ്.

ഭാരതം അനേകം പാരതന്ത്ര്യങ്ങൾ അനുഭവിച്ചിരുന്ന നാടാണ്. തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, അക്ഷരം പഠിക്കാൻ അവകാശമില്ലാത്തവർ, ആരാധിക്കാൻ അനുവാദമില്ലാത്തവർ തുടങ്ങി അനേകം ദുരാചാരങ്ങളിൽ അമർന്നിരുന്ന ഭാരതത്തെ രക്ഷിച്ചത് മിഷനറിമാരാണ്. അവർ പ്രസംഗിച്ച മനുഷ്യസ്നേഹവും, മനുഷ്യാവകാശസംരക്ഷണ പ്രവർത്തനങ്ങളുമാണ്, ഭാരതത്തെ പ്രത്യാശാനിർഭരമാക്കിയത്. മിഷനറിമാരുടെ അഥവാ ക്രൈസ്തവസിദ്ധാന്തത്തിന്റെ സ്വാധീനത്തിലാണ് ഗാന്ധിജി സത്യാമ്പേഷണ അഹിംസാ സിദ്ധാന്തത്തിലേക്ക് കടന്നുവന്നത്. ക്രൈസ്തവ സ്വാധീനംകൊണ്ട് മതം, ജാതി, ലിംഗം, വർഗ്ഗം, അസമത്വം, പലതരത്തിലുള്ള വിവേചനങ്ങൾ എന്നിവയുടെ സ്വാധീനം കുറഞ്ഞിരുന്നു. ഇതിന്റെ പ്രതിഫലനം ഇന്ത്യൻ ഭരണഘടനയിൽ ദൃശ്യമാണ്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ ഏഴുപതിറ്റാണ്ട് പിന്നിടുമ്പോൾ മതരാഷ്ട്രവാദികളും, മതവിരുദ്ധരും, മനുഷ്യാവകാശ ലംഘകരും, മതസ്വാതന്ത്ര്യനിഷേധികളും സ്ത്രീപീഡകരും നമ്മുടെ നാട്ടിൽ പെരുകുന്നു. പരിശുദ്ധ ദൈവമാതാവിനെ പോലെ ലാളിത്യത്തിന്റെയും വിനയത്തിന്റെയും മാതൃകകളായിത്തീർന്ന് ഈ രാഷ്ട്രത്തെ സുവിശേഷത്തിന്റെ സന്തോഷംകൊണ്ടും നന്മകൊണ്ടും നിറയ്ക്കുവാനുള്ള വലിയ ഉത്തരവാദിത്തം നാം ഏറ്റെടുക്കാണം. മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ച് ഈ ആഗസ്റ്റുമാസം പുതിയൊരു സമർപ്പണത്തിന്റെ അവസരം കൂടിയാണ്. പുനരൈക്യ പ്രേഷിത പ്രവർത്തനം കൂടുതൽ ശക്തമാക്കുവാൻ പാറശാല കേന്ദ്രീകരിച്ച് നമുക്ക് പുതിയൊരു രൂപത ലഭിക്കുകയും, ആഗോളതലത്തിൽ നമ്മുടെ പ്രേഷിത പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ, യൂറോപ്പിനും ഓസ്ട്രേലിയായ്ക്കും അപ്പസ്തോലിക വിസിറ്ററെ ലഭിച്ചിരിക്കുകയുമാണ്. ദൈവത്തിന് നന്ദി പറയുകയും നമ്മുടെ ഉത്തരവാദിത്തങ്ങൾ കൂടുതൽ ജാഗ്രതയോടെ സഭയിലും രാഷ്ട്രത്തിലും നിർവ്വഹിക്കുവാൻ സ്വാതന്ത്ര്യദിന സ്മരണകൾ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,

**✠ ഡോ. ജോസഫ് മാർ തോമസ്**
(രൂപതാദ്ധ്യക്ഷൻ)

Ref: 3039/K-5/KCBC/OL/DS

22.7.2017

# ജസ്റ്റീസ് സൺഡേ
# (നീതി ഞായർ) 2017

### ആഗസ്റ്റ് 20, ഞായർ

### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ഓഗസ്റ്റ് 15-ാം തീയതിക്ക് ശേഷമുള്ള ഞായറാഴ്ച നാം ജസ്റ്റീസ്സൺഡേ ആയി ആചരിച്ചു വരികയാണല്ലോ. 1986-ൽ ഗോവയിൽ വച്ച് നടന്ന സി.ബി.സി.ഐ. യോഗമാണ് ഈ തീരുമാനം എടുത്തത്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചതിന്റെ സന്തോഷം നാം പങ്കു വയ്ക്കുമ്പോഴും ഭാരതത്തിലെ ദലിത്സമൂഹം പ്രത്യേകിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വലിയ ഒരു സമൂഹത്തിന് സാമൂഹികനീതി ലഭിക്കാത്ത സാഹചര്യം നമ്മെ ഏറെ വേദനിപ്പിക്കുന്നു. ഭാരതത്തിലെ രണ്ടുകോടിയോളം വരുന്ന ക്രൈസ്തവരിൽ 125 ലക്ഷം പേരും ദലിത് സഹോദരങ്ങളാണ്. ഇതര മതസ്ഥരായ ദലിത് സഹോദരങ്ങൾക്ക് ലഭിക്കുന്ന ഭരണഘടനാപരമായ അവകാശങ്ങൾ ദലിത് ക്രൈസ്തവർക്ക് നിഷേധിച്ചിരിക്കുന്നുവെന്നത് മതവിവേചനം തന്നെയാണ്. ഈ നീതിനിഷേധത്തിനെതിരെ കഴിഞ്ഞ അരനൂറ്റാണ്ട് അധികമായി ഭാരതസഭ നിരന്തരം ശബ്ദമുയർത്തിയിരുന്നുവെങ്കിലും നീതി നടപ്പാക്കിയിട്ടില്ല. ചുമതലപ്പെട്ടവർ ഇതു ബോധപൂർവം അവഗണിക്കുകയാണ് ചെയ്തത്. എങ്കിലും ഭാരതക്രൈസ്തവ സമൂഹം തുടർന്നും ഈ നീതിനിഷേധത്തിനെതിരെ വ്യവസ്ഥാപിതമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പോരാട്ടം തുടരും. കോടതികളിലൂടെ നിയമവഴിയ്ക്ക് നീതി ലഭിക്കാനുള്ള മാർഗ്ഗങ്ങളും നാം തുടർന്ന് മുന്നോട്ടു കൊണ്ടുപോകും. ഈ നീതിനിഷേധം സമൂഹത്തിന്റെ മുമ്പിൽ വെളിപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നാം കൂട്ടായി നടത്തണം. ഈ ലക്ഷ്യങ്ങളുമായിട്ടാണ് ജസ്റ്റീസ് സൺഡേ (നീതിഞായർ) നാം ആചരിക്കുന്നത്.

ഇത്തവണത്തെ നീതിഞായർ ആചരണത്തിന് ഒരു പ്രത്യേക പശ്ചാത്തലം കൂടിയുണ്ട്. ഭാരതകത്തോലിക്കാ മെത്രാൻസമിതി ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ സമുദ്ധാരണത്തിനായി ഒരു ദലിത് ശാക്തീകരണ നയം പ്രഖ്യാപിക്കുകയുണ്ടായി. ഭാരതസഭയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഇപ്രകാരം ഒരു ദലിത് നയരൂപീകരണം സഭാതലത്തിൽ ഉണ്ടായത്. ഭാരതസഭയുടെ മുഴുവൻ പിന്തുണയും സഹകരണവും ദലിത് സഹോദരങ്ങളോടൊപ്പമുണ്ടെന്ന് ഇതുവഴി സഭാനേതൃത്വം പ്രഖ്യാപിച്ചിരിക്കുകയാണ്.

സഭയുടെ എല്ലാ തലങ്ങളിലും ദലിത് ശാക്തീകരണസംവിധാനങ്ങൾ ഉണ്ടാകുവാൻ എല്ലാവരും കൂട്ടായി യത്നിക്കുക വളരെ അത്യാവശ്യമാണ്. സാമൂഹ്യമായും സാമ്പത്തികമായും കടുത്ത വെല്ലുവിളികൾ നേരിടുന്ന നമ്മുടെ ദലിത് സഹോദരങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക ഇതിൽ ഏറ്റവും പ്രധാനമാണ്. ഇതുമായി ബന്ധപ്പെട്ടാണ് കേരളകത്തോലിക്കാ

മെത്രാൻ സമിതി ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. നമ്മുടെ ദലിത് കുടുംബങ്ങളിൽ ആരും വീടില്ലാത്തവരായി ഉണ്ടായിരിക്കരുത് എന്ന ലക്ഷ്യത്തിൽ എല്ലാവർക്കും വാസയോഗ്യമായ ഒരു ഭവനത്തിനായുള്ള കൂട്ടായ പ്രയത്നത്തിൽ നമുക്കു കൈകോർക്കണം. എല്ലാ രൂപതകളും, ഇടവകകളും, സന്യാസ സഭകളും, സംഘടനകളും, സംരംഭങ്ങളും കൂട്ടായി പരിശ്രമിച്ചാൽ ഈ ലക്ഷ്യം സാധിക്കുവാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് കെസിബിസി എസ്.സി./എസ്.റ്റി/ബി.സി. കമ്മീഷന് സി.എം.ഐ. സന്യാസ സമൂഹവും, വിൻസന്റ് ഡി പോൾ സൊസൈറ്റിയും ഫ്രാൻസിസ്കൻ അല്മായ സമൂഹവും ഉദാരമായ സഹകരണം വാഗ്ദാനം ചെയ്തിരിക്കുന്നത് സന്തോഷത്തോടും നന്ദിയോടും കൂടി ഓർക്കുന്നു. കേരളത്തിൽ ദലിത് കത്തോലിക്കർക്കായി 300 ഭവനങ്ങൾ 2017 – 2018 കാലഘട്ടത്തിൽ നിർമ്മിക്കുവാൻ സഹായിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. അഭിവന്ദ്യ പിതാക്കന്മാരും ഈ പദ്ധതികൾക്ക് ആവശ്യമായ എല്ലാ സഹകരണങ്ങളും ഉറപ്പാക്കി തരുന്നതും പ്രത്യേകം സ്മരിക്കട്ടെ. ഇതിനോടൊപ്പം സമർത്ഥരായ ദലിത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും നാം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ദലിത് ശാക്തീകരണ സംരംഭങ്ങൾക്കായി വലിയ സാമ്പത്തിക ഉത്തരവാദിത്വങ്ങളാണ് നാം ഏറ്റെടുത്തിരി ക്കുന്നത്. ഈ സാഹചര്യത്തിൽ ജസ്റ്റീസ് സൺഡേ ആചരണത്തിന്റെ ഭാഗമായി സാധാരണപോലെ ദലിത് ആവശ്യങ്ങൾക്കായി ഒരു സംഭാവന ശേഖരണം നടത്തുകയാണ്. സഭയിലെ ഓരോ അംഗവും ഉദാരമായി ഈ സംഭാവന സമാഹരണത്തിൽ പങ്കാളികളായി ഔദാര്യപൂർവ്വം നമ്മുടെ ദലിത് സഹോദരങ്ങളോട് നമുക്കുള്ള സ്നേഹവും സഹകരണവും പ്രതിബന്ധതയും ഉറപ്പാക്കാം. നീതിഞായർ ആചരണംവഴി നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പ്രബോധനങ്ങളായ നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക, ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് എന്നീ വചനങ്ങൾ നമുക്ക് പ്രചോദനം ആകട്ടെ. ദലിത് ശാക്തികരണ സംരംഭങ്ങളുടെ വിജയത്തിനായി ഏവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**

ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**

വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**

വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

N.B: 2017 ആഗസ്റ്റ് 20-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# മലങ്കര സുറിയാനി കത്തോലിക്കാസഭ
## ബത്തേരി ഭദ്രാസനം

## സർക്കുലർ

Circular No.02/2017

## സണ്ടേ സ്കൂൾ ദിനം

**പ്രിയ ബഹു. കോർ എപ്പിസ്കോപ്പാമാരെ, എപ്പിസ്കോപ്പൽ വികാരിമാരെ, വൈദീകരെ, സന്യസ്തരേ, വിശ്വാസികളെ !**

ആഗസ്റ്റ് 6–ാം തീയതി ഞായറാഴ്ച മലങ്കര കത്തോലിക്കാസഭ സണ്ടേ സ്കൂൾ ദിനമായി ആഘോഷിക്കുകയാണ്. സണ്ടേസ്കൂൾ ദിനം ആചരിക്കുന്നത് വിശ്വാസപരിശീലനത്തെ സംബന്ധിച്ച് നമുക്കുള്ള ഗൗരവമായ ഉത്തരവാദിത്വം ഓർമ്മിക്കാനും, അതിൽ ഉണർന്ന് പ്രവർത്തിക്കാനും, പ്രാർത്ഥിക്കാനും, ഉത്സുകരാകുവാനും സണ്ടേ സ്കൂൾ പ്രവർത്തനങ്ങൾക്കുവേണ്ടി നമ്മുടെ വിലയേറിയ സംഭാവനകൾ ഉദാരമായി നൽകുവാനും വേണ്ടിയാണ്. നിസ്വാർത്ഥമായ സേവനത്തിലൂടെ വിശ്വാസ പരിശീലനത്തിനും, പരിപാലനത്തിനും നേതൃത്വവും ശുശ്രൂഷയും നൽകുന്ന നമ്മുടെ രൂപതയിലെ എല്ലാ സണ്ടേസ്കൂൾ അദ്ധ്യാപകരെയും, മറ്റ് പ്രവർത്തകരെയും, കുട്ടികളെയും ഓർത്ത് ദൈവത്തിന് നന്ദി പറയുന്നു. ദൈവം അവരെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു

സഭയോളം തന്നെ പഴക്കമുള്ള ശുശ്രൂഷകളിൽ ഒന്നാണ് മതബോധനം അഥവാ വിശ്വാസ പരിശീലനം. അത് നമ്മുടെ അടിസ്ഥാന വിശ്വാസത്തിന്റെ പഠനവും വിപുലീകരണവുമാണ്. സഭയുടെ അജപാലന ദൗത്യത്തിൽ സണ്ടേസ്കൂളിന് വലിയ പ്രാധാന്യമുണ്ട്. ഈ രംഗത്ത് നമ്മുടെ രൂപത കഴിഞ്ഞ കാലങ്ങളിൽ അഭിമാനകരമായ നേട്ടം കൈവരിച്ചിട്ടുണ്ട്. നമ്മുടെ വൈദീകരും സന്യസ്തരും, സണ്ടേ സ്കൂൾ അദ്ധ്യാപകരും, അനുബന്ധ ശുശ്രൂഷകരും മാതാപിതാക്കളും വളരെ ഔത്സ്യക്യത്തോടെ കുട്ടികളുടെ സണ്ടേ സ്കൂളിന് നേതൃത്വം നൽകുന്നുണ്ട്. ഇക്കാര്യത്തിൽ നിങ്ങൾ നൽകുന്ന സേവനത്തിനും ത്യാഗത്തിനും രൂപതയുടെ പേരിൽ ഞാൻ സന്തോഷവും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**1. വിശ്വാസ പരിശീലനത്തിന്റെ തലങ്ങൾ**

വിശ്വാസപരിശീലനത്തിന് വ്യത്യസ്തങ്ങളായ നാലുതലങ്ങളുണ്ട്. അതിൽ ഒന്നാമത്തേത് കുട്ടികൾ അഥവാ നമ്മൾ വിശ്വസിക്കേണ്ട ചില സംഗതികളാണ്. അവ ദൈവവചനം, സഭയുടെ പാരമ്പര്യങ്ങൾ സഭയുടെ പ്രബോധനങ്ങൾ എന്നിവയാണ്. എല്ലാ വേദപഠനക്ലാസ്സുകളിലും കുട്ടികൾക്ക്

പകർന്നുകൊടുക്കുന്ന അടിസ്ഥാനവിശ്വാസം ഇവ മൂന്നുമാണ്. രണ്ടാമതായി വിശ്വാസത്തിന്റെ ഭാഗമായി പാലിക്കേണ്ട ചില കാര്യങ്ങളാണ് ഇതിൽ പ്രധാനപ്പെട്ടത് ദൈവകൽപ്പനകളും സഭയുടെ കൽപ്പനകളുമാണ്. ഈ കൽപ്പനകൾ മനഃപാഠം ആക്കിയാൽ മാത്രം പോരാ മറിച്ച് അനുദിന ജീവിതത്തിൽ പാലിക്കുകയും വേണം. ഉദാഹരണമായി കൊല്ലരുത് എന്ന അഞ്ചാം പ്രമാണം ലക്ഷ്യം വയ്ക്കുന്നത് ജീവനെ ബഹുമാനിക്കാനും, അത് വളർത്തുവാൻ സഹായിക്കാനും, കാരുണ്യപ്രവർത്തികൾ ചെയ്യുവാനുമാണ്. എന്നാൽ ഈ കൽപ്പനയുടെ പ്രായോഗികപാഠമായി കുട്ടികൾ അഭ്യസിക്കേണ്ടത്. അഗതികളെ സഹായിക്കുക, രോഗികളെ സന്ദർശിക്കുക, ദുഃഖിതരെ ആശ്വസിപ്പിക്കുക, ദരിദ്രരോട് കരുണ കാണിക്കുക എന്നൊക്കെയാണെന്ന് കുഞ്ഞുങ്ങളെ പരിശീലിപ്പിക്കണം. തിരുസഭയുടെ അഞ്ചുകൽപ്പനകളും പ്രധാനപ്പെട്ടവയാണ്. അതിൽ ഒന്നാമത്തെ കൽപ്പന ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും വി.കുർബ്ബാനയിൽ പങ്കെടുക്കണം എന്നതാണ്. കുഞ്ഞുങ്ങൾ നന്നായി പ്രാർത്ഥിച്ച് ഒരുങ്ങി യോഗ്യതാപൂർവ്വം വി.കുർബ്ബാന സ്വീകരിക്കണം എന്ന പ്രായോഗിക ജ്ഞാനം വിശ്വാസപരിശീലനത്തിലൂടെ അവർക്ക് കിട്ടണം അടുത്തതായി അനുഷ്ഠിക്കാനുള്ള ചില കാര്യങ്ങളാണ്. കൂദാശകളുടെ അനുഷ്ഠാനമാണ് അതിൽ പ്രാധാന്യം അർഹിക്കുന്നത്. വിശ്വാസപരിശീലനം പൂർത്തിയാകുമ്പോൾ കൂദാശകളുടെ അനുഷ്ഠാനവും അതിലുള്ള ഭാഗഭാഗിത്വവും കുട്ടികൾ സന്തോഷത്തോടെ ഏറ്റെടുക്കാനുള്ള പരിശീലനം ലഭിക്കണം. കൂദാശാനുകരണങ്ങളുടെ ഭാഗമായി കുട്ടികൾ നമ്മുടെ ഇടവകയിലെ പ്രാർത്ഥനായോഗങ്ങൾ, ആരാധന, കുരിശിന്റെ വഴി ജപമാല നൊവേന മറ്റു ഭക്ത കൃത്യങ്ങൾ എന്നിവയിലെല്ലാം സന്തോഷത്തോടെ ചെറുപ്പത്തിലെ നടത്തി അനുഗ്രഹങ്ങൾ പ്രാപിക്കാനുള്ള പരിശീലനം സ്വന്തമാക്കണം, നാലാമതായി നമ്മുടെ സണ്ടേ സ്കൂൾ പഠനം വഴിയായി കുട്ടികൾ നന്നായി പ്രാർത്ഥിക്കാൻ അഭ്യസിപ്പിക്കപ്പെടണം. പ്രാർത്ഥിക്കാൻ യേശു ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ പ്രാർത്ഥിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്ന കളരി കൂടിയാണ് സണ്ടേ സ്കൂൾ, പ്രാർത്ഥനയിലും, ആരാധനയിലും ദൈവവചനത്തിലും സന്തോഷിക്കുന്ന ഒരു തലമുറയാണ് വിശ്വാസ ജീവിതത്തിലും ധാർമ്മികതയിലും വളരുന്നത്. സണ്ടേ സ്കൂളിന്റെ പ്രഥമവും പ്രധാനവുമായ ഒരു ലക്ഷ്യം കുട്ടികളിൽ പ്രാർത്ഥനാശീലവും ദൈവഭക്തിയും വളർത്തിയെടുക്കുകയാണ്. ദൈവവചനമായ വിശുദ്ധ ബൈബിളും നമ്മുടെ പൂർവ്വ പിതാക്കന്മാർ ജീവിച്ച വിശ്വാസത്തിന്റെ സാക്ഷ്യങ്ങളായ പാരമ്പര്യങ്ങളും സഭയുടെ പ്രബോധനങ്ങളും കുട്ടികൾക്ക് പകർന്നു നൽകുമ്പോൾ നമ്മുടെ വിശ്വാസ പരിശീലനം ഫലപ്രദമായി മാറും ഈ ലക്ഷ്യങ്ങൾ അറിഞ്ഞ് അനുവർത്തിക്കാൻ നമുക്ക് പരിശ്രമിക്കാം.

**2. വിശ്വാസ പരിശീലനം നമ്മുടെ കർത്തവ്യം**

വിശ്വാസം പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നീ ത്രിവിധ ദൗത്യങ്ങൾ കർത്താവ് നമുക്ക് നൽകിയ കർത്തവ്യമാണ്. കുടുംബത്തെ ഗാർഹീകദേവാലയമെന്നാണ് നമ്മൾ വിളിക്കുന്നത്. മക്കൾക്ക് വിശ്വാസപരിശീലനം ആദ്യമായി ലഭിക്കുന്നത് മാതാപിതാക്കളിൽ നിന്നും കുടുംബങ്ങളിൽ നിന്നുമാണ് കുഞ്ഞുങ്ങളുടെ ആദ്യത്തെ വിശ്വാസപരിശീലകർ

മാതാപിതാക്കളാണ്. ഈ ഉത്തരവാദിത്വം ഗൗരവമായി എടുക്കാത്തതിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്ന ധാരാളം കുടുംബങ്ങളുണ്ട്. ചെറുപ്രായം കഴിഞ്ഞ് കുഞ്ഞുങ്ങൾക്ക് വിശ്വാസ പരിശീലനം നൽകുന്ന ഉത്തരവാദിത്വം സഭയുടേതാണ്, ഇടവകയുടേതാണ്. ഒരിടവകയിൽ വി.ബലി അർപ്പണം കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യത്തോടെ നടത്തേണ്ട ശുശ്രൂഷ സണ്ടേ സ്കൂൾ ആണ്. ഇടവകയിലുള്ള എല്ലാ സംവിധാനങ്ങളും സാമ്പത്തിക സ്രോതസ്സുകളും ആവശ്യാനുസരണം വിശ്വാസ പരിശീലനത്തിന് ഉപയോഗപ്പെടുത്തിയതിനു ശേഷമേ മറ്റുള്ള കാര്യങ്ങൾക്ക് മാറ്റിവയ്ക്കാൻ പാടുള്ളു അതായത് നമ്മുടെ രൂപതയിലെ ഒരു ഇടവകയിലും സണ്ടേ സ്കൂൾ മുടങ്ങാൻ പാടില്ല എന്ന് നമുക്ക് നിഷ്ഠ ഉണ്ടായിരിക്കണം. സണ്ടേ സ്കൂൾ ക്ലാസ്സുകൾ മുടങ്ങുന്ന ഏതെങ്കിലും സാഹചര്യം നമ്മുടെ ഇടവകകളിൽ ഉണ്ടെങ്കിൽ രൂപതാ സണ്ടേ സ്കൂൾ ഡയറക്ടർ ബഹു.മാർട്ടിൻ വിലങ്ങുപാറയിൽ അച്ചനുമായി ബന്ധപ്പെട്ട് അത് പരിഹരിക്കേണ്ടതാണ്. സണ്ടേ സ്കൂൾ ദിനം എല്ലാ ഇടവകളിലും സമുചിതമായി ആചരിക്കുകയും സണ്ടേ സ്കൂൾ ദിനപ്പിരിവ് എല്ലാ ദേവാലയങ്ങളിലും നടത്തി ആ തുക സണ്ടേ സ്കൂൾ ആവശ്യങ്ങൾക്കായി നൽകേണ്ടതുമാണ്. സണ്ടേ സ്കൂൾ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള സാമ്പത്തിക ക്രമീകരണങ്ങൾ നമ്മൾ കൂട്ടായി ചെയ്യണം. ഇടവക കേന്ദ്രീകരിച്ചുള്ള സണ്ടേസ്കൂൾ പ്രവർത്തനങ്ങൾക്കുള്ള ചിലവുകൾ അതാത് ഇടവകയിൽ നിന്നും അഥവാ കുടുംബങ്ങളിൽ നിന്നും ക്രമീകരിക്കണം. വൈദീക ജില്ല കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ജില്ലകളിൽ നിന്നും സമാഹരിക്കണം. രൂപത കേന്ദ്രീകരിച്ചുള്ള ചിലവ് രൂപതയിൽ നിന്ന് നൽകുന്നതാണ്. സണ്ടേസ്കൂൾ അദ്ധ്യാപകരുടെ പരിശീലനം, കുട്ടികൾക്ക് വേണ്ട പാഠപുസ്തകം, ഇതര ആവശ്യങ്ങൾ എന്നിവയ്ക്കുള്ള ചിലവുകൾ വളരെ ഏറെ വർദ്ധിച്ചുവരുമ്പോൾ നമ്മുടെയെല്ലാം കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ ഈ പ്രവർത്തനങ്ങൾ ഭംഗിയായി നിർവ്വഹിക്കാൻ സാധിക്കുകയുള്ളു അതിനാൽ കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനകാര്യത്തിൽ എല്ലാവരും ത്യാഗപൂർവ്വം പങ്കുചേരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സെക്കുലർ വിദ്യാഭ്യാസരംഗത്ത് പാഠ്യ-പാഠ്യേതര വിഷയങ്ങൾക്ക് ആധുനിക സാങ്കേതിക വിദ്യകളും പ്രബോധരീതികളും ഉപയോഗിച്ച് ഫലപ്രദമാക്കുന്നതുപോലെ സണ്ടേസ്കൂൾ പരിശീന രംഗത്തും നൂതനമായ ശാസ്ത്ര-സാങ്കേതിക മാദ്ധ്യമങ്ങൾ ഉപയോഗ പ്പെടുത്താവുന്നതാണ്. ഇക്കാര്യത്തിലുള്ള സാദ്ധ്യതാപഠനവും സണ്ടേസ്കൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ നടത്തണമെന്ന് താല്പര്യപ്പെടുന്നു.

**ഉപസംഹാരം**

നമ്മുടെ രൂപതയിലെ സണ്ടേസ്കൂൾ ദിനം മുൻകാലങ്ങളി ലെപ്പോലെ ഭംഗിയായി എല്ലാ ദേവാലയങ്ങളിലും ആഘോഷിക്കണം. സണ്ടേസ്കൂൾ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും കൂട്ടായ പിൻതുണ ഉണ്ടാവണമെന്നും ഓർമ്മിക്കുന്നു. സണ്ടേസ്കൂൾ ദിനത്തിന്റെ ആശംസകൾ ഏവർക്കും നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ,

+ Mar ...

**+ഡോ. ജോസഫ് മാർ തോമസ്**
(Bishop, Bathery)

# തിരുസഭാ വാർത്തകൾ

## ക്രൈസ്തവന്റെ ഏകശക്തി സുവിശേഷമാണ്- ഫ്രാൻസിസ് മാർപാപ്പ

ക്രൈസ്തവന്റെ ഏകശക്തി സുവിശേഷമാണ്. ക്രൈസ്തവർ ലോകത്തിൽ ദൈവം തിരഞ്ഞെടുക്കുന്ന ഭാഗത്ത്കാണപ്പെടേണ്ടവരാണ്. മർദ്ദകനായിട്ടല്ല; മറിച്ച്, പീഡിതനായി, അഹങ്കാരിയായിട്ടല്ല; പ്രത്യുത, വിനയാന്വിതനായി, വ്യാമോഹങ്ങളെ വിലക്കുന്നവനായിട്ടല്ല; മറിച്ച്, സത്യത്തിനു വിധേയനായി, കപടവേഷധാരിയായിട്ടല്ല; പ്രത്യുത, സത്യസന്ധനായി ക്രൈസ്തവൻ കാണപ്പെടണം. വത്തിക്കാനിൽ ഫ്രാൻസിസ് മാർപ്പാപ്പയുടെ പ്രതിവാരകൂടിക്കാഴ്ചയിൽ സംബന്ധിക്കുന്നതിന് എത്തിച്ചേർന്ന തീർത്ഥാടകരും സന്ദർശകരുമുൾപ്പെടെ പതിനായിരങ്ങൾ വിശുദ്ധപത്രോസിന്റെ ബസിലിക്കായുടെ അങ്കണത്തിൽ സന്നിഹിതരായിരുന്നപ്പോൾ ആണ് മാർപാപ്പ ഇപ്രകാരം സൂചിപ്പിച്ചത്.

## പട്ടിണിയുടെ കാരണം നിസംഗതയും സ്വാർത്ഥതയും – മാർപാപ്പ

മനുഷ്യന്റെ നിസംഗതയും സ്വാർത്ഥതയുമാണ് ഇന്നും ലോകത്തിൽ വിശപ്പനുഭവിക്കുന്നവരുണ്ടാകുവാനുള്ള കാരണമെന്ന് ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞു. പട്ടിണിയും പോഷകാഹാരക്കുറവും ചില ഭൂപ്രദേശങ്ങളിൽ സ്വാഭാവികമായി സംഭവിക്കുന്ന കാര്യം മാത്രമല്ല, പിന്നെയോ, കുറച്ചാളുകളുടെ സ്വാർത്ഥതയും, ധാരാളമാളുകളുടെ നിസംഗതയും നിമിത്തം സംജാതമാകുന്ന സങ്കീർണ്ണസ്ഥിതിയുടെ പരിണിതഫലമാണിതെന്നും ഓരോ മനുഷ്യജന്മവും പട്ടിണികൂടാതെ ജീവിക്കാനുള്ള അവകാശമാണെന്നും ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുക എന്നുള്ളത്, മനുഷ്യകുടുംബത്തിന്റെ മുഴുവൻ അംഗങ്ങളുടെയും കടമയാണന്നുള്ള നിരന്തര അവബോധം ഈ ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് ആവശ്യവുമാണ്. ഐക്യരാഷ്ട്രസഭയുടെ ഫുഡ് ആൻഡ് അഗ്രിക്കൾച്ചർ ഓർഗനൈസേഷന്റെ 40-ാമത് ജനറൽ കോൺഫറൻസിന്റെ ഉദ്ഘാടനചടങ്ങിലാണ് മാർപ്പാപ്പ ഇപ്രകാരം പങ്കുവെച്ചത്.

## സ്വയം ദാനമാകാൻ തയ്യാറാകണം

സ്വയം ദാനമാകാൻ സന്നദ്ധനായി അപരന്റെ ജീവിതത്തിൽ പങ്കുചേരുന്നതാണ് യഥാർത്ഥ സൗഹൃദം എന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു. പൗരോഹിത്യ സമർപ്പിത ജീവിതദൈവവിളികൾ പരിപോഷിപ്പിക്കുന്ന 'സേറം ഇന്റർനാഷണൽ' എന്ന അമേരിക്കൻ ഐക്യനാടുകളിലെ ചിക്കാഗോ ആസ്ഥാനമായുള്ള അന്താരാഷ്ട്ര പ്രസ്ഥാനത്തിന്റെ റോമിൽ നടന്ന ചതുർദിന സമ്മേളനത്തിലാണ് മാർപാപ്പ ഇപ്രകാരം സൂചിപ്പിച്ചത്.

## സഭാ വാർത്തകൾ

### മലങ്കരസഭയ്ക്ക് പുതിയ രൂപതയും മെത്രാന്മാരും

തിരുവനന്തപുരം അതിഭദ്രാസനം വിഭജിച്ച് പാറശാല കേന്ദ്രമാക്കി പുതിയ ഭദ്രാസനം. അഭിവന്ദ്യ ഡോ.തോമസ് മാർ യൗസേബിയൂസ് പുതിയ രൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത, അഭിവന്ദ്യ ഡോ.ഫിലിപ്പോസ് മാർ സ്തേഫാനോസ്, അമേരിക്കൻ ഭദ്രാസനത്തിന്റെ പുതിയ അദ്ധ്യക്ഷൻ. ഡോ. ജോർജ്ജ് കാലായിൽ കർണ്ണാടക പുത്തൂർ ഭദ്രാസനത്തിന്റെ പുതിയ മെത്രാപ്പോലീത്ത. മോൺ. ഡോ. ജോൺ കൊച്ചുതുണ്ടിയിൽ കൂരിയ ബിഷപ്പും യൂറോപ്പ്, ഓസ്ട്രേലീയ എന്നിവയുടെ അപ്പോസ്തോലിക വിസിറ്ററുമായിട്ടാണ് നിയമനം. ഫ്രാൻസിസ് മാർപാപ്പയുടെ നിയമനകല്പന തിരുവനന്തപുരത്ത് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് ബാവായാണ് അറിയിച്ചത്. ഇത് സംബന്ധിച്ച് സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് എടുത്ത തീരുമാനങ്ങൾക്ക് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ സ്ഥിരീകരണം നൽകുകയായിരുന്നു. നിയുക്ത മെത്രാന്മാരുടെ മെത്രാഭിഷേക ചടങ്ങുകൾ 2017 സെപ്തംബർ 21-ന് അടൂരിൽവെച്ച് നടത്തപ്പെടും. പാറശാല ഭദ്രാസനത്തിന്റെ ഉദ്ഘാടനവും സ്ഥാനാരോഹണവും 2017 സെപ്റ്റംബർ 23-നും, പുത്തൂർ ഭദ്രാസനാദ്ധ്യക്ഷന്റെ സ്ഥാനാരോഹണം സെപ്റ്റംബർ 30-നും അമേരിക്കയിലെ സ്ഥാനാരോഹണം ഒക്ടോബർ 28-നും നടക്കും.

### മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാൾ

**മാർ ഈവാനിയോസ് വിശുദ്ധി നിറഞ്ഞ കർമ്മയോഗി: മാർ ആലഞ്ചേരി**

തിരുവനന്തപുരം : മലങ്കര പുനരൈക്യശില്പി ദൈവദാസൻ മാർ ഈവാനിയോസ് വിശുദ്ധി നിറഞ്ഞ കർമ്മയോഗിയായിരുന്നുവെന്ന് സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി. മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന സമൂഹബലിമദ്ധ്യേ വചനസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. മലങ്കരയിലെ പ്രാദേശികസഭ സാർവ്വത്രിക സ്വഭാവത്തിൽ വളരുന്നതിനു വഴിതെളിച്ചത് മാർ ഈവാനിയോസ് ആയിരുന്നുവെന്ന് ഓർമ്മിപ്പിച്ചു.

രാവിലെ എട്ടിനു പട്ടം കത്തീഡ്രൽ കവാടത്തിൽ അത്യുന്നത കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരിയെ അഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ്

ക്ലീമീസ് കാതോലിക്കാ ബാവ സ്വീകരിച്ചു. തുടർന്ന് സമൂഹബലിക്കായി പിതാക്കന്മാരും വൈദികരും പ്രദക്ഷിണമായി ദൈവാലയത്തിലേക്ക് നീങ്ങി. സമൂഹബലിക്ക് മോറാൻ മോർ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവ നേതൃത്വം നൽകി.

## ഇന്നത്തെ മനുഷ്യന് തെറ്റായ ദൈവസങ്കൽപം : മാർ ക്ലീമിസ് ബാവ

ഭരണങ്ങാനം : ആധുനിക മനുഷ്യർക്ക് ഇഷ്ടം അനുസരിക്കുന്ന ദൈവത്തെയാണെന്നും അത് തെറ്റായ ദൈവസങ്കൽപ്പമാണെന്നും മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ. വിശുദ്ധ അൽഫോൻസ തീർത്ഥാടനകേന്ദ്രത്തിൽ വിശുദ്ധ കുർബ്ബാനയർപ്പിച്ചു സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ചോദിക്കുന്ന കാര്യങ്ങൾ ഒന്നും കിട്ടുന്നില്ലെങ്കിൽ ദൈവത്തിന് ശക്തിയില്ല എന്ന് ധരിക്കുന്നവരുണ്ട്. അത്തരക്കാർ വിശ്വാസത്തിൽ ഉറപ്പില്ലാത്തവരാണ്. കർത്താവിന്റെ പീഢാസഹനത്തിലും മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുമ്പോഴാണ് ശരിയായ ദൈവദർശനത്തിലേക്ക് എത്തുന്നത്. ക്ലേശങ്ങൾ ജീവിതത്തിന്റെ മഹത്വം വർദ്ധിപ്പിക്കുമെന്ന സന്ദേശമാണ് വി.അൽഫോൻസാമ്മയുടെ ജീവിതം നൽകുന്നത്. ജീവിതക്ലേശങ്ങളെ ജീവിതവിജയത്തിനുള്ള മാർഗ്ഗമായി സ്വീകരിക്കണമെന്നും കർദ്ദിനാൾ കൂട്ടിച്ചേർത്തു.

## സഭാതല സുവിശേഷസംഘം നാലാം ബാച്ച് കൈവയ്പ് ശുശ്രൂഷ

2017 ജൂലൈ 14,15 തീയതികളിൽ സഭാതല സുവിശേഷസംഘം നാലാം ബാച്ചിന്റെ കൈവയ്പ് ശുശ്രൂഷ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 64-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പട്ടം കത്തീഡ്രൽ പള്ളിയിൽവെച്ച് നടന്നു. എല്ലാ ഭദ്രാസനങ്ങളിൽ നിന്നുമായി 74 പേർ ഇതിൽ പങ്കെടുത്തു. 14-ന് കൈവയ്പിനു ഒരുക്കമായുള്ള ധ്യാനം നടന്നു. വൈകുന്നേരം 6:30-ന് കത്തീഡ്രൽ പള്ളിയിൽവെച്ചു നടന്ന സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയുടെ മുഖ്യകാർമ്മികത്വത്തിൽ മറ്റു വന്ദ്യപിതാക്കന്മാരും ചേർന്നാണ് ഈ ശുശ്രൂഷ നടത്തിയത്.

## രൂപതാ വാർത്തകൾ

### ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മതിരുനാൾ

ദൈവദാസനും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ ആർച്ച് ബിഷപ്പുമായ ഗീവർഗീസ് മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്തായുടെ 64-ാമത് ഓർമ്മപ്പെരുന്നാൾ 2017 ജൂലൈ 16,23 ഞായറാഴ്ചകളിൽ അത്യാദരപൂർവ്വം നടത്തപ്പെട്ടു. തിരുനാളിന്റെ ഭാഗമായി മേഖലകളിൽ തീർത്ഥാടന പദയാത്രകളും നടത്തി.

**1. എടക്കര വൈദികജില്ല:** ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 64-ാം ഓർമ്മത്തിരുനാൾ എടക്കര വൈദികജില്ലയിൽ 2017 ജൂലൈ 16 ഞായറാഴ്ച ആഘോഷിച്ചു. പാലാട്, ഉപ്പട, ചുങ്കത്തറ, എരുമമുണ്ട എന്നിവിടങ്ങളിൽനിന്നും രാവിലെ 8 മണിക്ക് ആരംഭിച്ച പദയാത്രകളെ അഭി. വന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത എടക്കര ദൈവാലയത്തിൽ സ്വീകരിച്ചു. തുടർന്ന് അഭിവന്ദ്യപിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മേഖലാ വൈദികരോടു ചേർന്ന് ആഘോഷമായ സമൂഹബലിയും ധൂപപ്രാർത്ഥനയും നടന്നു.

**2. നിലമ്പൂർ വൈദികജില്ല:** 2017 ജൂലൈ 23 ഞായറാഴ്ച നിലമ്പൂർ മേഖലയുടെ ആഭിമുഖ്യത്തിൽ പുളിയക്കോട് സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽവെച്ച് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 64-ാം ഓർമ്മത്തിരുനാൾ നടത്തപ്പെട്ടു. പുത്തനഴി ജംഗ്ഷനിൽ നിന്നും ആരംഭിച്ച പദയാത്രയ്ക്ക് പുളിയക്കോട് ദൈവാലയത്തിൽ ബഥനി സുപ്പീരിയർ ജനറാൾ വന്ദ്യ കുരുവിള പീടികയിൽ ഒ.ഐ.സി. അച്ചന് സ്വീകരണം നൽകി. തുടർന്നു നടന്ന സമൂഹബലിയിൽ വന്ദ്യജനറാളച്ചൻ മുഖ്യകാർമ്മികത്വം വഹിക്കുകയും അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു. വൈദികജില്ലയിലെ വൈദികർ വി.ബലിയിൽ സഹകാർമ്മികരായിരുന്നു.

**3. ബത്തേരി വൈദികജില്ല:** ജൂലൈ 16-ന് ബത്തേരി വൈദികജില്ലയിലെ ദേവാലയങ്ങളുടെ ആഭിമുഖ്യത്തിൽ മാർ ഈവാനിയോസ് പദയാത്രയും, അനുസ്മരണവും നടന്നു. മൂലങ്കാവ്, മലങ്കര, പുത്തൻകുന്ന് എന്നിവിടങ്ങളിൽനിന്നും ആരംഭിച്ച പദയാത്ര കത്തീഡ്രലിൽ എത്തിച്ചേർന്നു. സമൂഹബലിക്ക് മുഖ്യവികാരി ജനറാൾ മോൺ. മാത്യു അറമ്പൻകുടി മുഖ്യകാർമ്മികത്വം വഹിച്ചു. മേഖലയിലെ വൈദികർ സഹകാർമ്മികരായിരുന്നു. മോൺ.തോമസ് കാഞ്ഞിരമുകളിൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**4. കൽപ്പറ്റ വൈദികജില്ല:** 2017 ജൂലൈ16 ഞായറാഴ്ച കൽപ്പറ്റ വൈദികജില്ലയുടെ ആഭിമുഖ്യത്തിൽ മീനങ്ങാടി മലങ്കര കത്തോലിക്കാ ദൈവാലയത്തിൽവെച്ച് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മത്തിരുനാൾ ആഘോഷിച്ചു. കൊളഗപ്പാറ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ നിന്നും ആരംഭിച്ച പദയാത്രയ്ക്ക് തുടക്കംകുറിച്ചുകൊണ്ട് ബഹു. ജോൺസൺ പള്ളിപ്പടിഞ്ഞാറ്റേതിൽ അച്ചൻ അനുസ്മരണപ്രഭാഷണം നടത്തി. പ്രോട്ടോവികാരി ബഹു. തോമസ് മണ്ണിത്തോട്ടത്തിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന സമൂഹബലിയിൽ മേഖലയിലെ മറ്റു വൈദികർ സഹകാർമ്മികരായിരുന്നു.

**5. മാനന്തവാടി വൈദികജില്ല:** ദൈവദാസൻ മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ മാനന്തവാടി വൈദികജില്ലയിലെ ചെറൂർ ഇടവകയിൽവെച്ച് നടത്തപ്പെട്ടു. ജൂലൈ 16 രാവിലെ 9:30-ന് പയ്യമ്പള്ളി സീറോ മലബാർ ദൈവാലയത്തിൽനിന്നും പദയാത്ര ആരംഭിച്ചു. ചെറൂർ ദൈവാലയത്തിൽ നടന്ന ആഘോഷമായ വി.കുർബ്ബാനയ്ക്കു ബഹു.പ്രോട്ടോ വികാരി ലൂക്കോസ് പള്ളിപടിഞ്ഞാറ്റേതിൽ അച്ചൻ മുഖ്യകാർമ്മികനും മറ്റ് വൈദികർ സഹകാർമ്മികരുമായിരുന്നു. വന്ദ്യ ചാക്കോ നരിമറ്റത്തിൽ കോർ എപ്പിസ്കോപ്പ അനുസ്മരണ പ്രഭാഷണം നടത്തി. 64 വയസ്സ് പൂർത്തിയായവർക്കും വർഗീസ്, അന്നമ്മ, ഗീവർഗീസ് നാമധാരികൾക്കും 'മാർ ഈവാനിയോസ്' ഫലകം നൽകി ആദരിച്ചു.

**6. പുൽപ്പള്ളി വൈദികജില്ല:** പുൽപ്പള്ളി വൈദികജില്ലയുടെ ആഭിമുഖ്യത്തിൽ ജൂലൈ16-ന് മാർ ഈവാനിയോസ് ഓർമ്മതിരുന്നാൾ ആഘോഷിച്ചു. സമുബലിക്കു വന്ദ്യ തോമസ് താന്നിക്കാക്കുഴി കോർ എപ്പിസ്കോപ്പ മുക്യകാർമ്മികനായിരുന്നു. പുൽപ്പള്ളി പള്ളിയിൽനിന്നും ആരംഭിച്ച അനുസ്മരണ പദയാത്ര പഴശ്ശിരാജ കോളേജിൽ അവസാനിച്ചു. പ്രോട്ടോവികാരി ഫാ. മാത്യും മുണ്ടക്കുടിയിൽ നേതൃത്വം നൽകി.

**7. നീലഗിരി വൈദികജില്ല:** മലങ്കരയുടെ സൂര്യതേജസ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 64-ാമത് ഓർമ്മപ്പെരുന്നാൾ ജൂലൈ 16 ഞായറാഴ്ച ഉപ്പട്ടി മലങ്കര കത്തോലിക്കാ ദൈവാലയത്തിൽവെച്ച് നീലഗിരി മേഖലയുടെ 10 പള്ളികളും ചേർന്ന് സമുചിതമായി ആഘോഷിച്ചു. കുന്നലാടിയിൽനിന്നും ആരംഭിച്ച പദയാത്ര ഉപ്പട്ടി പള്ളിയിൽ എത്തിച്ചേർന്നു. അതിനുശേഷം പള്ളിയിൽ ശ്രീ. ഫിലിപ്പ് നൈനാൻ അനുസ്മരണപ്രഭാഷണം നടത്തി. ആഘോഷമായ സമൂഹബലിക്ക് വൈദികജില്ലാവികാരി ബഹു. വിൽസൺ കൊച്ചുപ്ലാക്കൽ അച്ചൻ മുഖ്യകാർമ്മികനും മറ്റ് വൈദികർ സഹകാർമ്മികരും ആയിരുന്നു.

**8. കണ്ണൂർ വൈദികജില്ല:** നടുവിൽ, വളക്കൈ, മടക്കാട് ഇടവകകൾ സംയുക്തമായി മാർ ഈവാനിയോസ് ദിനം ആചരിച്ചു. 23-ാം തിയ്യതി ഞായറാഴ്ച രാവിലെ 8:30-ന് അനുസ്മരണ പദയാത്ര നടുവിൽ ടൗണിൽനിന്ന് ആരംഭിച്ചു. ബഹു. തോമസ് ചരിവുപുരയിടം കോർ എപ്പിസ്കോപ്പ പദയാത്ര ഉദ്ഘാടനം ചെയ്തു. നടുവിൽ ദൈവാലയത്തിൽ നടന്ന ആഘോഷമായ സമൂഹബലിക്ക് വന്ദ്യ.കോർ എപ്പിസ്കോപ്പ മുഖ്യകാർമ്മികത്വം വഹിച്ചു. ബഹു.സ്കറിയ മൺപുരക്കാമണ്ണിൽ, ബഹു. സാജു മുട്ടത്താൻ എന്നിവർ സഹകാർമ്മികരായിരുന്നു.

**9. കാസർഗോഡ് വൈദികജില്ല:** കാസർഗോഡ് വൈദികജില്ലയുടെ ആഭിമുഖ്യത്തിൽ 64-ാമത് ദൈവദാസൻ മാർ ഈവാനിയോസ് അനുസ്മരണ പദയാത്ര 2017 ജൂലൈ 22 ശനിയാഴ്ച പാലാന്തടം പരപ്പച്ചാൽ കുരിശടിയിൽനിന്നും ആരംഭിച്ച് 12 കിലോമീറ്റർ അകലെ നർക്കിലക്കാട് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ എത്തിച്ചേർന്നു. വൈദിക ജില്ലാ വികാരി ബഹു. അബ്രഹാം മുടമ്പള്ളിക്കുഴി അച്ചൻ പ്രാരംഭപ്രാർത്ഥനയും ബഹു. ജോൺ പനച്ചിപ്പറമ്പിൽ അച്ചൻ പ്രാരംഭസന്ദേശവും നൽകി.

**10. കോഴിക്കോട് വൈദികജില്ല:** കോഴിക്കോട് വൈദികജില്ലയിലെ വിശ്വാസികൾ സംയുക്തമായി മാർ ഈവാനിയോസ് അനുസ്മരണ പദയാത്ര നടത്തി. പുലിക്കയം മലങ്കര കത്തോലിക്കാദൈവാലയത്തിൽ നിന്നാരംഭിച്ച പദയാത്ര നാരങ്ങാത്തോട് പള്ളിയിൽ സമാപിച്ചു. നാരങ്ങാത്തോട് പള്ളിയിൽ നടന്ന സമൂഹബലിയിൽ ബത്തേരി രൂപത വികാരി ജനറാൾ മോൺ. ഫാ. തോമസ് കാഞ്ഞിരമുകളിൽ മുഖ്യകാർമ്മികനായി +2, പത്താംക്ലാസ് പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്കും വിവിധ മേഖലകളിൽ മികവ് തെളിയിച്ചവർക്കും ഉപഹാരങ്ങൾ നൽകി.

**ബാംഗ്ലൂർ :** ഹെന്നൂർ സെന്റ് മേരീസ് മലങ്കരകത്തോലിക്കാ പള്ളിയിൽ ദൈവദാസൻ മാർഈവാനിയോസിന്റെ ഓർമ്മപ്പെരുന്നാളും തീർത്ഥാടന പദയാത്രയും ജൂലൈ 23 ഞായറാഴ്ച നടന്നു. പദയാത്രയ്ക്കും കുർബാനയ്ക്കും ബത്തേരി രൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് മാർ തോമസ് മുഖ്യകാർമ്മികത്വം വഹിച്ചു. ഡോ. ജോർജ്ജ് ഓണക്കൂർ മുഖ്യപ്രഭാഷണം നടത്തി.

## നല്ല പാഠം സമൂഹത്തിന് നന്മ പകരുന്നു–ഡോ. ജോസഫ് മാർ തോമസ്

പുൽപ്പള്ളി: മലയാള മനോരമയുടെ നല്ലപാഠം സമൂഹത്തിന് നല്ല പാഠങ്ങൾ നൽകുന്നുവെന്ന് ബത്തേരി രൂപതാദ്ധ്യക്ഷൻ ഡോ. ജോസഫ് മാർ തോമസ് അഭിപ്രായപ്പെട്ടു. കൃപാലയ സ്പെഷ്യൽ സ്കൂളിലെ നല്ലപാഠം പ്രപവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അഭിവന്ദ്യ പിതാവ്. വിദ്യാർത്ഥികൾ സ്വരൂപിച്ച തുകയുപയോഗിച്ച് രോഗിയായ സഹപാഠിക്ക് കിടക്കാനായി വാങ്ങിയ വാട്ടർ ബെഡ്ഡിന്റെ കൈമാറ്റം പിതാവ് നിർവ്വഹിച്ചു.

# തിരുനാൾ ആഘോഷം

**ബഥനി ആശ്രമം**

ബഥനി ആശ്രമത്തിൽവെച്ച് ബഥനിതിരുനാൾ ആഘോഷം ജൂലൈ 28 -ന് സന്ധ്യാപ്രാർത്ഥനയോടെ ആരംഭിച്ചു. സന്ധ്യാപ്രാർത്ഥനയ്ക്കും തുടർന്നുള്ള ആഘോഷങ്ങൾക്കും അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത നേതൃത്വം നൽകി. ബഥനി ആശ്രമത്തിന്റെ നാൾ ഇതുവരെയുള്ള പ്രവർത്തനങ്ങളെ അഭിവന്ദ്യ പിതാവ് അഭിനന്ദിക്കുകയും നൂറാം വർഷത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ആശംസകൾ നേരുകയും ചെയ്തു. തിരുനാൾ ആഘോഷങ്ങളിൽ അനേകം വൈദികരും സിസ്റ്റേഴ്സും പങ്കെടുക്കുകയും ആശംസകൾ നേരുകയും ചെയ്തു.

**മൂലങ്കാവ് ഫോർമേഷൻ ഹൗസ്**

29-07-2017-ന് മൂലങ്കാവ് ബഥനി മഠത്തിൽവെച്ച് ബഥനി തിരുനാൾ സമുചിതമായി ആഘോഷിച്ചു. ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. ബത്തേരി രൂപതയുടെ മുഖ്യവികാരി ജനറാൾ റവ. മാത്യു അറമ്പൻകുടി അച്ചനും വികാരി ജനറാൾ റവ. ഡോ.തോമസ് കാഞ്ഞിരമുകളിൽ അച്ചനും, സമീപ പ്രദേശങ്ങളിലെ എല്ലാ വൈദികരും സിസ്റ്റേഴ്സും തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുക്കുകയും ആശംകൾ അർപ്പിക്കുകയും ചെയ്തു.

# ദൈവദാസി സി.മരിയസെലിന്റെ 60-ാം ചരമവാർഷികം

ജൂലൈ 22-ന് കണ്ണൂർ പയ്യമ്പലത്തുവെച്ചു നടന്ന ദൈവദാസി സിസ്റ്റർ മരിയ സെലിൻ കണ്ണനായ്ക്കലിന്റെ 60-ാം ചരമവാർഷികത്തോടനുബന്ധിച്ച് നടന്ന തിരുക്കർമ്മങ്ങളിൽ അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത പങ്കെടുത്തു. ആഘോഷമായ സമൂഹബലിയിൽ പിതാവ് സഹകാർമ്മികനായിരുന്നു. കണ്ണൂർ ബിഷപ് അലക്സ് വടക്കുംതലയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അനുസ്മരണസമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് പ്രഭാഷണം നടത്തി.

# മനയിൽ അച്ചന്റെ 41-ാം ചരമദിനം

കോളിത്തട്ട് : ബഹു. ജോൺ മനയിൽ അച്ചന്റെ 41-ാം ചരമദിനവും ധൂപപ്രാർത്ഥനയും അനുസ്മരണപ്രഭാഷണവും ഇടവക ദൈവാലയത്തിൽവെച്ച് ജൂലൈ 18-ാം തിയ്യതി ചൊവ്വാഴ്ച നടത്തപ്പെട്ടു. ബത്തേരി രൂപത മുഖ്യവികാരി ജനറാൾ മോൺ. മാത്യു അറമ്പൻകുടിയിൽ, മോൺ. തോമസ് കാഞ്ഞിരമുകളിൽ എന്നിവർ മുഖ്യകാർമ്മികരും, 25-ഓളം വൈദികർ സഹകാർമ്മികരുമായിരുന്നു. കോളിത്തട്ട് ഇടവകവികാരി ഫാ.വർഗീസ് പ്ലാച്ചിറ പരിപാടികൾക്ക് നേതൃത്വം നൽകി.

## കൂരിയാ മീറ്റിംഗ്

ബത്തേരി രൂപതയുടെ ഈ വർഷത്തെ 7-ാംത്തെ സാധാരണ കൂരിയ മീറ്റിംഗ് ഓഗസ്റ്റ് രണ്ടാം തിയ്യതി അരമനയിൽ നടന്നു. വൈകുന്നേരം ആരാധനയോടും സന്ധ്യാപ്രാർത്ഥനയോടുംകൂടി കൂരിയ മീറ്റിംഗ് ആരംഭിച്ചു.

## പ്രിസ്ബിറ്ററി കൗൺസിൽ മീറ്റിംഗ്

ബത്തേരി രൂപതയുടെ 2017 വർഷത്തെ രണ്ടാമത്തെ പ്രിസ്ബിറ്ററി കൗൺസിൽ മീറ്റിംഗ് ആഗസ്റ്റ് 21-ാം തിയ്യതി ബത്തേരി രൂപതാദ്ധ്യക്ഷൻ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ബഹു. മോൺ. മാത്യു അറമ്പൻകുടി അച്ചന്റെ സ്വാഗതത്തോടെ ആരംഭിച്ച യോഗത്തിൽ സെക്രട്ടറി മാത്യു പെരുമ്പള്ളിക്കുന്നേൽ അച്ചൻ റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതയുടെ അജപാലന-വിദ്യാഭ്യാസ-സാമൂഹികമേഖലകളുടെ പ്രവർത്തനവിലയിരുത്തലുകളും ആശയവിനിമയങ്ങളും നടന്നു.

## ശിലാസ്ഥാപനം നടത്തി

തപോവനത്തിൽ പുതുതായി നിർമ്മിക്കുന്ന പ്രാർത്ഥനാലയത്തിന്റെ ശിലാസ്ഥാപനം അഭി. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത ആഗസ്റ്റ് 6 ഞായറാഴ്ച നിർവ്വഹിച്ചു. രുപതാവികാരി ജനറാളും തപോവന അഡ്മിനിസ്ട്രേറ്ററുമായ മോൺ. മാത്യു അറമ്പൻകുടി അച്ചൻ, വൈദികർ, എം.സി.എ. പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.

## കൂദാശ നടത്തി

വെൺമണി മലങ്കര കത്തോലിക്കാ ദൈവാലയത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ച വേളാങ്കണ്ണി മാതാവിന്റെ കുരുശടികൂദാശ അഭി. ജോസഫ് മാർ തോമസ് തിരുമേനി ജൂലൈ 29-ന് നിർവ്വഹിച്ചു. ബഹു. ലൂക്കോസ് പള്ളി പടിഞ്ഞാറ്റേതിൽ അച്ചൻ നേതൃത്വം നൽകി.

## സംസ്കാരചടങ്ങിൽ പങ്കെടുത്തു

**കൊട്ടാരക്കര :** ഫാ. തോമസ് മുകളവിളയിൽ അച്ചന്റെ സഹോദരൻ ജോയിക്കുട്ടിയുടെ ശവസംസ്കാര ചടങ്ങിൽ അഭിവന്ദ്യപിതാവ് ഡോ.ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായും വൈദികരും പങ്കെടുക്കുകയും രൂപതയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

**പത്തനംതിട്ട:** പത്തനംതിട്ട ബഥനി പ്രോവിൻസിലെ സി.ഹലിയൂസ് മലംചെരുവിന്റെ സംസ്കാരത്തിൽ അഭിവന്ദ്യപിതാവ് സംബന്ധിച്ചു

**നടുവിൽ:** വന്ദ്യ തോമസ് താന്നിക്കാക്കുഴി കോർ എപ്പിസ്കോപ്പ അച്ചന്റെ സഹോദരൻ ടി.വി. നൈനാന്റെ സംസ്കാരത്തിൽ അഭിവന്ദ്യ പിതാവ് സംബന്ധിച്ചു.

## ഗുരുകുലം സെമിനാരി

### മാർ ഈവാനിയോസ് ഓർമ്മദിനം

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 64-ാം ഓർമ്മദിന മായ ജൂലൈ 15-ന് ശനിയാഴ്ച ബഹു. ഫാ. ജോർജ്ജ് കോടാനൂരിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ ദിവ്യബലിയർപ്പിക്കുകയും ബഹു. ഫാ. പുന്നമഠത്തിൽ മാർ ഈവാനിയോസ് അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു. തുടർന്ന് വൈദിക വിദ്യാർത്ഥികൾക്കായി ദൈവ ദാസൻ മാർ ഈവാനിയോസ് ക്വിസ് മത്സരം നടത്തപ്പെടുകയും ചെയ്തു.

### തിരുനാളാഘോഷം

യാക്കോബ് ശ്ലീഹായുടെ പേര് സ്വീകരിച്ചിരിക്കുന്ന സെമിനാരി യുടെ റെക്ടർ ബഹു. ജേക്കബ് ഓലിക്കൽ അച്ചന്റെ നാമഹേതുക തിരു നാൾ ജൂലൈ 25-ാം തിയ്യതി വിവിധ പരിപാടികളോടെ ആഘോഷിച്ചു. രാവിലെ റെക്ടർ അച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ ബലി അർപ്പിച്ചു. അന്ന് വൈകുന്നേരം നടന്ന തിരുനാൾ ആഘോഷങ്ങളിൽ അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തയുടെ സാന്നിദ്ധ്യം സെമിനാരി കുടുംബം നന്ദിയോടെ സ്മരിക്കുന്നു.

## വിശ്വാസപരിശീലനം

1. വിശ്വാസപരിശീലനദിനം: 2017 ആഗസ്റ്റ് 6-ാം തിയ്യതി ഞായറാഴ്ച വിശ്വാസ പരിശീലനദിനമായി സഭ ആചരിക്കുന്നു.

2. വിശ്വാസപരിശീലന ദിനപിരിവ് : വിശ്വാസ പരിശീലന ദിനത്തോടനുബ ന്ധിച്ച് എടുക്കുന്ന കാണിക്ക, മറ്റ് പിരിവുകൾ ആഗസ്റ്റ് 15-ന് മുമ്പായി രൂപതാകേന്ദ്രമായ സ്രോതസ്സിന്റെ ഓഫീസിൽ എത്തിക്കാൻ ഹെഡ്മാ സ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കുക. ഈ ദിവസം ഓരോ ഇടവകയിലും പ്രത്യേകമായ വിധത്തിൽ ആചരിക്കേണ്ടതാണ്. കുട്ടികളും അദ്ധ്യാപ കരും ഭവനസന്ദർശനം നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

3. പ്രത്യേക ശ്രദ്ധയ്ക്ക് : സണ്ടേസ്കൂൾ പുസ്തകങ്ങളുടെ വില 10,11,12 ക്ലാസ്സുകളിലെ രജിസ്ട്രേഷൻ ഫീ എന്നിവ (125, 150 രൂപ) എത്രയും വേഗം രൂപതാകേന്ദ്രമായ സ്രോതസ് ഓഫീസിൽ അടയ്ക്കേണ്ടതാണ്.

4. സണ്ടേസ്കൂൾ ഡയറി വേണ്ടവർ സ്രോതസ് ഓഫീസുമായി ബന്ധപ്പെടുക. വില 30 രൂപയായിരിക്കും.
5. സണ്ടേ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് വിവിധ മേഖലകളിൽ ക്രമീകരിച്ചു. നീലഗിരി മേഖലയിലും ബത്തേരി, നിലമ്പൂർ, മാനന്തവാടി മേഖലയിലും ജൂലൈ 8-ാം തിയ്യതി ട്രെയിനിങ്ങുകൾ നടത്തപ്പെട്ടു.
6. കൽപ്പറ്റ മേഖലയിൽ സണ്ടേ സ്കൂൾ കുട്ടികൾക്കായി ഇവാനിയൻ ക്വിസ് കോമ്പറ്റീഷൻ നടത്തി.

## മാതൃജ്യോതിസ്

### അർദ്ധവാർഷിക സെനറ്റ്

29-07-2017-ന് പ്രതീക്ഷയിൽവെച്ച് ഈ വർഷത്തെ അർദ്ധവാർഷിക സെനറ്റ് നടത്തി. 10 മേഖലകളിൽ നിന്നായി 45 അംഗങ്ങൾ പങ്കെടുത്തു. മേഖലാ, രൂപതാ പ്രവർത്തനങ്ങൾ വിലയിരുത്തി. ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു. ഇന്നേദിവസം ബഥനി ഫീസ്റ്റ് ആഘോഷിക്കുന്ന കോർഡിനേറ്റേഴ്സിനെ കേക്ക് മുറിച്ച് മാതൃജ്യോതിസ്സിന്റെ ആഭിമുഖ്യത്തിൽ ആദരവ് പ്രകടിപ്പിച്ചു. എല്ലാ മേഖലയിലും നല്ല പ്രവർത്തനങ്ങൾ കാഴ്ചവെച്ച (രൂപത കർമ്മപരിപാടി അനുസരിച്ചും, മേഖലയുടെ തനതു പ്രവർത്തനങ്ങൾ) മേഖലാ ഡയറക്ടർമാർ, കോർഡിനേറ്റർമാർ, ഭാരവാഹികൾ എന്നിവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

## എം.സി.വൈ.എം.

### അർദ്ധവാർഷിക സെനറ്റും മാർ ഈവാനിയോസ് അനുസ്മരണ ക്വിസ് മത്സരവും

രൂപത എം.സി.വൈ.എം. അർദ്ധവാർഷിക സെനറ്റും മാർ ഈവാനിയോസ് അനുസ്മരണ ക്വിസ് മത്സരവും ഓഗസ്റ്റ് 11,12 തീയതികളിൽ പ്രതീക്ഷ യൂത്ത് സെന്ററിൽ വെച്ച് നടന്നു. ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് സെനറ്റ് സമ്മേളനത്തിന്റെ ഉദ്ഘാടനവും തുടർന്ന് വിവിധ മേഖലകളുടെ റിപ്പോർട്ട് അവതരണവും, 12- ാം തിയ്യതി രാവിലെ 10 മണിക്ക് മാർ ഈവാനിയോസ് അനുസ്മരണക്വിസ് മത്സരവും ഉണ്ടായിരുന്നു, ഉച്ചയ്ക്ക് 1 മണിയോടുകൂടി സെനറ്റ് സമ്മേളനം പൂർത്തിയായി.

# എം.സി.എ.

## മാർ ഈവാനിയോസ് മെമന്റോകൾ വിതരണം ചെയ്തു

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മയ്ക്കായി എം.സി.എ. രൂപതാതലത്തിൽ എസ്.എസ്.എൽ.സിയ്ക്കും, +2 വിനും, ഫുൾ A+നേടിയ വിദ്യാർത്ഥിക്ക് നൽകുവാൻ ഏർപ്പെടുത്തിയ മെമന്റോകൾ വിതരണം ചെയ്തു. ജൂലൈ 16 ന് മേഖലാതലങ്ങളിൽ നടന്ന മാർ ഈവാനിയോസ് അനുസ്മരണസമ്മേളനങ്ങളിൽവെച്ചാണ് വിതരണം ചെയ്തത്. ബത്തേരി രൂപതാതലത്തിൽ ഫുൾ A+ നേടിയ 25 എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കും, 12 +2 വിദ്യാർത്ഥികൾക്കുമാണ് അവാർഡ് നൽകിയത്.

## മാർ ഈവാനിയോസ് അനുസ്മരണ തീർത്ഥാടന പദയാത്ര

ബത്തേരി രൂപതയുടെ വിവിധ മേഖലകളിൽ നിന്നും അൽമായരും എം.സി.എ. അംഗങ്ങളും റാന്നിപെരുന്നാട്ടിൽനിന്നും തിരുവനന്തപുരം പട്ടം കബറിങ്കലേക്ക് നടത്തിയ തീർത്ഥാടന പദയാത്രയിൽ പങ്കുചേർന്നു. ജൂലൈ 15-ന് പട്ടം കത്തീഡ്രൽ ദേവാലയത്തിൽനടന്ന വി.കുർബാനയിലും ധൂപപ്രാർത്ഥനയിലും ധാരാളം അൽമായർ സംബന്ധിച്ചു.

## അർദ്ധവാർഷിക അസംബ്ലി

രൂപതാ എം.സി.എ. അർദ്ധവാർഷിക അസംബ്ലി 2017 ആഗസ്റ്റ് 27,28 തീയതികളിൽ ബത്തേരിയിൽവെച്ച് നടക്കുന്നു. രൂപതാ അസംബ്ലി അംഗങ്ങളായ മേഖലാഭാരവാഹികൾ പ്രസ്തുത രൂപതാ അസംബ്ലിയിൽ സംബന്ധിക്കണമെന്ന് അറിയിക്കുന്നു. രൂപതാ അസംബ്ലിക്ക് മുമ്പ് മേഖലാ അസംബ്ലികൾ നടത്തേണ്ടതാണ്.

## വൈദികദിനമായി ആചരിച്ചു

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ ഓർമ്മദിനമായ ആഗസ്റ്റ് 4 കഴിഞ്ഞുവരുന്ന ഞായറാഴ്ച (ആഗസ്റ്റ് 6) വൈദികദിനമായി എം.സി.എ. ആചരിച്ചു. വൈദികർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടുള്ള വി.ബലി അർപ്പിച്ചു. വി.കുർബ്ബാനയ്ക്കുശേഷം ഇടവകകളിൽ അനുമോദന സമ്മേളനങ്ങൾ നടത്തുകയും വൈദികരെ ഷാൾ അണിയിച്ച് ആദരിക്കുകയും ചെയ്തു. സഭയിലെ ശുശ്രൂഷ പൗരോഹിത്യത്തിലൂടെ സമൂഹത്തിനും സഭയ്ക്കുംവേണ്ടി സമർപ്പിതരായ വൈദികരുടെ സേവനങ്ങളും ആത്മീയ ശുശ്രൂഷകളും നന്ദിയോടെ അനുസ്മരിക്കുന്നു.

## ഓപ്പൺ ഫോറം അഭിമുഖം

ബത്തേരി രൂപതയുടെ വിവിധ ശുശ്രൂഷാ മേഖലയുടെ പ്രവർത്തനങ്ങൾ രൂപതാദ്ധ്യക്ഷനുമായി പരസ്പരം പങ്കുവെയ്ക്കുന്ന ഓപ്പൺഫോറം സമ്മേളനം 2017 ആഗസ്റ്റ് 17-ന് അരമനയിൽവെച്ച് നടക്കുന്നു. രുപതാ അൽമായ സംഘടനയായ എം.സി.എ. വഴി ലഭിച്ച പ്രത്യേകം ക്ഷണിതാക്കൾക്ക് ഈ സമ്മേളനത്തിൽ സംബന്ധിക്കാവുന്നതാണ്.

## വിൻസെന്റ് ഡി പോൾ

മണൽവയൽ സെന്റ് മേരീസ് ഇടവകയിൽ, ഇടവക വികാരി ഫാ. ജെയിംസ് മുളക്കാവിളയിൽ വി.കുർബ്ബാന അർപ്പിച്ചശേഷം ചേർന്ന മീറ്റിംഗിൽ ലോകത്തിലെ ഏറ്റവും വലിയ കത്തോലിക്ക അത്മായ സംഘടനയുടെ പ്രവർത്തനങ്ങളെപ്പറ്റി ക്ലാസ് എടുക്കുകയും അന്നുതന്നെ 'സെന്റ് മരിയൻ' എന്ന പേരിൽ വിൻസെന്റ് ഡിപോൾ കോൺഫറൻസ് ആരംഭിക്കുകയും ചെയ്തു.

- ♦ പ്രസിഡണ്ട് — സണ്ണി ജേക്കബ് തെക്കേൽ
- ♦ വൈസ് പ്രസിഡണ്ട് — സിനി ആഗസ്റ്റിൻ കൊച്ചുപറമ്പിൽ
- ♦ സെക്രട്ടറി — രാജൻ പുത്തൻവീട്ടിൽ
- ♦ ജോ.സെക്രട്ടറി — ലൂസി ചരിവുപുരയിടം
- ♦ ട്രഷറർ — ബേബി മുന്നപ്ലാക്കൽ

## അപേക്ഷകൾ ക്ഷണിച്ചു

ബത്തേരി രൂപതയുടെ കീഴിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റി കോൺഫറൻസുകൾ ആരംഭിച്ച ഇടവകകളിലും മറ്റും **M.B.B.S., B.D.S., B.A.M.S., B.H.M.S.,B.Ed., TTC, ITI, , Nursing IT courses, Fisheries, Politechnique courses** എന്നീ കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനുള്ള അപേക്ഷ **CC** ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി **31-08-2017.**

**contact No. 9846648090, Br.Sunil. CC President**

## ശ്രേയസ്

### കാൻസർ രോഗികൾക്ക് ധനസഹായം നൽകി

ശ്രേയസ് ആശാകരിണം പദ്ധതിയുടെ ഭാഗമായി സെന്റ് തോമസ് നാമഹേതുക തിരുനാൾ ആഘോഷത്തോടനുബന്ധിച്ച് കാൻസർ രോഗികൾക്ക് ധനസഹായം നൽകി. ബത്തേരി രൂപതാദ്ധ്യക്ഷൻ ഡോ. ജോസഫ് മാർ തോമസ് ധനസഹായ വിതരണോദ്ഘാടനം നിർവ്വഹിച്ചു.ആശാകിരണം പദ്ധതിയുടെ ഭാഗമായി ബോധവത്കരണ പരിപാടികൾ, കാൻസർ രോഗ നിർണ്ണയ ക്യാമ്പുകൾ, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയാണ് ശ്രേയസ്സിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്.

### ഡോക്യുമെന്റേഷൻ ട്രെയിനിംഗ്

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ഭാഗമായി 4,5 തീയതികളിൽ ആമോസ് സെന്ററിൽവെച്ച് ഡോക്യുമെന്റേഷൻ പരിശീലനം നടത്തി. ശ്രേയസ്സിൽനിന്ന് ആശാകിരണം കോർഡിനേറ്റർ അരുൺ ഐസക്, പുൽപ്പള്ളി റീജിയണൽ കോർഡിനേറ്റർ ഷാൻസൺ എന്നിവർ പങ്കെടുത്തു.

### ആശാകിരണം ഓറിയന്റേഷൻ ട്രെയിനിംഗ്

ശ്രേയസ് ആശാകിരണം കാൻസർ സുരക്ഷയജ്ഞത്തിന്റെ ഭാഗമായി ശ്രേയസ് ബത്തേരി പുൽപ്പള്ളി മേഖലയിലുള്ള സന്നദ്ധ പ്രവർത്തകർക്ക് കാരിത്താസ് ഇന്ത്യ ആശാകിരണം പ്രോഗ്രാം ഓഫീസർ അബീഷ് ആന്റണി കാൻസറിനെക്കുറിച്ചും കാൻസർ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും ക്ലാസ്സെടുത്തു. ശ്രേയസ് ആശാകിരണം കോർഡിനേറ്റർ അരുൺ ഐസക്, മേഖല കോർഡിനേറ്റർ ഷാൻസൺ, യൂണിറ്റ് സി.ഒ മാർ എന്നിവർ പങ്കെടുത്തു.

### സന്ദർശനം നടത്തി

കെ.എസ്.എസ്.എഫിൽനിന്ന് പ്രോഗ്രാം ഓഫീസർ സിസ്റ്റർ ജസീന ജലസ്രോതസുകളെ കുറിച്ചുള്ള ഗവേഷണത്തിന്റെ ഭാഗമായി ശ്രേയസ്സിന്റെ പ്രവർത്തന മേഖലകളായ 5 ജില്ലകളിൽ സന്ദർശനം നടത്തി. പ്രസ്തുത പ്രദേശങ്ങളിൽ സ്വാശ്രയസംഘങ്ങളുടെ ഗ്രൂപ്പ് മീറ്റിംഗിൽ പങ്കെടുക്കുകയും ഗവേഷണവിഷയത്തിന്റെ പ്രസക്തി, പ്രാധാന്യം, ഗവേഷണരീതി എന്നിവയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. നബാർഡിന്റെ വിവിധ റീജിയണൽ ഓഫീസുകളിൽനിന്ന് പുതിയതായി നിയമനം നടത്തിയിട്ടു അസി. മാനേജർമാർ ശ്രേയസ് സന്ദർശിച്ചു.

## ഇന്റർനാഷണൽ സെമിനാർ

ബട്ടർഫ്ളൈ എൻ.ജി.ഒ.യുടെ നേതൃത്വത്തിൽ കുട്ടികൾക്കുവേണ്ടി ഇന്റർനാഷണൽ സെമിനാർ ജയ്പൂറിൽവെച്ച് 26-07-2017 മുതൽ 02-08 -2017വരെ നടന്നു. സെമിനാറിൽ എട്ട് രാജ്യങ്ങളിൽനിന്നായി 160 കുട്ടികൾ പങ്കെടുത്തു. കുട്ടികളുടെ വികസനം ലക്ഷ്യമാക്കിയുള്ള സെമിനാറിൽ ശ്രേയസ് എക്സിക്യൂട്ടീവ് ഡയറക്ടർ അഡ്വ.ഫാ. സെബാസ്റ്റ്യൻ ഇടയത്ത്, ബട്ടർഫ്ളൈ കോർഡിനേറ്റർ ജിലി ജോർജ്ജ് തുടങ്ങിയവർ പങ്കെടുത്തു.

## ഉന്നതവിദ്യാഭ്യാസവേദി

## സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ ബത്തേരി

### രക്ഷാകർതൃസമ്മേളനം

സെന്റ് ജോസഫ്സ് പ്രൈമറി ഹൈസ്കൂൾ ഹയർസെക്കണ്ടറി വിഭാഗങ്ങളുടെ രക്ഷാകർത്തൃസമ്മേളനം ജൂലൈ 14-ന് വെള്ളിയാഴ്ച സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് സമ്മേളിച്ചു. പി.റ്റി.എ. പ്രസിഡണ്ട് ശ്രീ.പി.എം. ജോയ് അദ്ധ്യക്ഷത വഹിച്ചു. ഹയർ സെക്കണ്ടറി സ്കൂൾ ഇൻചാർജ്ജ് ശ്രീ. ജോസ് പി. കുന്നത്ത് സ്വാഗതപ്രസംഗം നടത്തി. സ്കൂൾ വാർഷിക റിപ്പോർട്ട് സ്കൂൾ പി.റ്റി.എ. സെക്രട്ടറി ശ്രീമതി വത്സമ്മ അവതരിപ്പിച്ചു. പ്രിൻസിപ്പാൾ ബഹു. ഫാ. ബിജു മുടമ്പള്ളിയിൽ മുഖ്യപ്രഭാഷണം നടത്തി. പി.റ്റി.എയുടെ ഈ അദ്ധ്യയനവർഷത്തേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. ഡോ.മനോജ് പ്രസിഡണ്ടായുള്ള പതിനഞ്ചംഗ കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുത്തു. സ്കൂൾ ബർസാർ ബഹു.ഫാ. ജോർജ്ജ് കോടാനൂർ, ആശംസാപ്രസംഗം നടത്തി. എൽ.പി.വിഭാഗം ഇൻചാർജ്ജ് ശ്രീ. വി.വി. തോമസ് നന്ദി രേഖപ്പെടുത്തി.

### പൊതിച്ചോർ വിതരണം

കഴിഞ്ഞ മൂന്ന് വർഷമായി ബുധനാഴ്ചതോറും വിദ്യാർത്ഥികൾ തപോവനത്തിലെ അന്തേവാസികൾക്ക് ഉച്ചഭക്ഷണം പൊതിച്ചോറായി നൽകുന്നു. ഓരോ ക്ലാസ്സ് മാറിമാറിയാണ് വീടുകളിൽനിന്ന് പൊതിച്ചോർ കൊണ്ടുവന്ന് നൽകുന്നത്. വിദ്യാർത്ഥികൾതന്നെയാണ് ഭക്ഷണം തപോവനത്തിൽ എത്തിക്കുന്നത്. സ്കൂളിലെ സീനിയർ അസിസ്റ്റന്റും നല്ലപാഠം ചുമതല വഹിക്കുന്ന ശ്രീമതി ശോശാമ്മ ടീച്ചർ നേതൃത്വം നൽകി.

# മാർ ബസേലിയോസ് സ്കൂൾ ഈങ്ങാപ്പുഴ

## ലഹരി വിരുദ്ധബോധവത്ക്കരണ സെമിനാറും ക്ലബ്ബ് രൂപീകരണവും

ഈങ്ങാപ്പുഴ: മാർ ബേസലിയോസ് സീനിയർ സെക്കണ്ടറി സ്ക്കൂളിൽ ലഹരി വിരുദ്ധദിനാചരണത്തോടനുബന്ധിച്ച് 'താമരശ്ശേരി ഓയിസ്ക ഇന്റർനാഷണൽ ചാപ്റ്ററി'ന്റെ ആഭിമുഖ്യത്തിൽ 'ലഹരി വിരുദ്ധബോധവത്ക്കരണ' സെമിനാർ നടത്തി. പ്രസ്തുത സെമിനാറിൽ താമരശ്ശേരി എക്സൈസ് സീനിയർ ഓഫീസർ ശ്രീ. കുര്യാക്കോസ് വി.ജി ക്ളാസ്സെടുത്തു. ക്ളാസ്സിൽ സ്ക്കൂൾ പ്രിൻസിപ്പാൾ ശ്രീ മോനിയോഹന്നാൻ, താമരശ്ശേരി ഓയിസ്ക ഇന്റർനാഷണൽ ചാപ്റ്റർ പ്രസിഡണ്ട് ശ്രീ ജോസ്, ശ്രീ അനിൽ വാമറ്റത്തിൽ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് 'ലഹരി വിരുദ്ധബോധവത്ക്കരണ ക്ളബ്ബും' രൂപീകരിച്ചു.

## യോഗാദിനാചരണം സംഘടിപ്പിച്ചു

ജൂൺ 21-ാം തിയ്യതി സ്കൂളിൽ യോഗാദിനാചരണം സംഘടിപ്പിച്ചു. സ്കൂൾ പ്രിൻസിപ്പാൾ മോനിസാറിന്റെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച പരിപാടി യുടെ ഉദ്ഘാടനം റവ:ഫാദർ ജോർജ്ജ് കാലായിൽ നിർവഹിച്ചു. ബാലുശ്ശേരിയിലെ ശ്രീ ശ്രീ രവിശങ്കർ ആർട്ട് ഓഫ് ലിവിംഗ് സ്കൂളിലെ അദ്ധ്യാപികയായ ശകുന്തള ടീച്ചർ യോഗയുടെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

## സ്കൂൾ പാർലമെന്റ് അംഗങ്ങളുടെ സത്യപ്രതിജ്ഞയും വിവിധ ക്ളബ്ബുകളുടെ ഉദ്ഘാടനവും .

2017-'18 അധ്യയന വർഷത്തെ സ്കൂൾ പാർലമെന്റ് അംഗങ്ങളുടെ സത്യപ്രതിജ്ഞ നടത്തി.അക്കാദമിക്ക് കോഡിനേറ്റർ ശ്രീ.ജോൺ എം ജെയുടെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച പരിപാടിയിൽ പ്രിൻസിപ്പാൾ ശ്രീ.മോനി യോഹന്നാൻ അദ്ധ്യക്ഷപ്രസംഗം നടത്തി. ഈ വേദിയിൽ മുഖ്യാതിഥികളായി എത്തിയത് താമരശ്ശേരി പോലീസ് സ്റ്റേഷനിൽ നിന്നും സർക്കിൾ ഇൻസ്പെക്ടർ ബാബുരാജ് സാറും, മലബാർ സഹോദയ സ്കൂൾ കോംപ്ളക്സ് വൈസ് പ്രസിഡണ്ടും കൈതപ്പൊയിൽ എം.ഇ.എസ്സ് സ്കൂൾ പ്രിൻസിപ്പാളുമായ കെ. എസ്സ്. ജോസഫ് സാറും ആയിരുന്നു.

## സെന്റ് തോമസ് എ.എൽ.പി.സ്കൂൾ പുത്തൻകുന്ന്

### ചാന്ദ്രദിനം

21-07-2017 വെള്ളിയാഴ്ച 'ചാന്ദ്രദിനം'. ആ ദിവസത്തിന്റെ പ്രാധാന്യം, മനുഷ്യൻ ചന്ദ്രനിൽ പോകുന്ന യാത്രാനുഭവങ്ങൾ അടങ്ങുന്ന സി.ഡി. പ്രദർശനം നടത്തി. ക്ലാസ്സുകളിൽ ചാന്ദ്രദിന ക്വിസ്മത്സരവും നടത്തി.

### പരിസ്ഥിതിദിനം

പുത്തൻകുന്ന് സ്കൂളിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ ത്തൈകൾ നടുകയുണ്ടായി. കൂടാതെ സ്കൂൾ പരിസരത്ത് നിൽക്കുന്ന വൃക്ഷങ്ങളെ സംരക്ഷിക്കുന്നതിനായി കുട്ടികളെ ഏൽപ്പിക്കുകയും ചെയ്തു.

### വായനാവാരം

പുത്തൻകുന്ന് സെന്റ് തോമസ് എ.എൽ.പി.സ്കൂളിൽ വായനവാരത്തോ ടനുബന്ധിച്ച് ലൈബ്രറി വിതരണം നടത്തി. പി.എൻ. പണിക്കരുടെ ചരിത്രം അസംബ്ലിയിൽ കുട്ടികളെ പരിചയപ്പെടുത്തി. കൂടാതെ ക്ലാസ്സുകളിൽ വായ നാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നിവ എഴുതിച്ചു.

## സെന്റ് ജോർജ്ജ് യു.പി.സ്കൂൾ പുൽപ്പള്ളി

### യു.എസ്.എസ്. സ്കോളർഷിപ്പ് നേടി

പുൽപ്പള്ളി സെന്റ് ജോർജ്ജ് യു.പി.സ്കൂളിലെ ഇഷാൻ സിറിയക് 2016 -17 വർഷത്തെ യു.എസ്.എസ്. സ്കോളർഷിപ്പ് നേടുകയും ബത്തേരി ഉപ ജില്ലയിൽ ഒന്നാം സ്ഥാനത്തിന് അർഹനാവുകയും ചെയ്തു. ഇഷാൻ സിറി യക്കിനെ സ്കൂൾ അസംബ്ലിയിൽ അനുമോദിക്കുകയും സമ്മാനം നൽകു കയും ചെയ്തു

### വിദ്യാരംഗം കലാസാഹിത്യവേദി സ്കൂൾതല ഉദ്ഘാടനം

പുൽപ്പള്ളി സെന്റ് ജോർജ്ജ് യു.പി.സ്കൂളിലെ വിദ്യാരംഗം കലാസാ ഹിത്യവേദിയുടെ സ്കൂൾതല ഉദ്ഘാടനം ശ്രീ. ജേക്കബ് ബത്തേരി നിർവ്വ ഹിച്ചു. രൂപതാ ചീഫ് കറസ്പോണ്ടന്റ് ബഹു. തോമസ് കോഴിമണ്ണിൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. 'ബേപ്പൂർ സുൽത്താൻ പറയുന്നത് ' എന്ന സുൽത്താൻ അനുസ്മരണ മാഗസിൻ നല്ല പാഠം പ്രവർത്തനങ്ങൾ എന്ന തലക്കെട്ടിൽ പ്രകാശനം നടത്തി.

# സെന്റ്മേരീസ് സ്കൂൾ മൂത്തേടം

## വായനക്കളരി

വായനാദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കാൻ വിവിധ പദ്ധതികൾക്ക് രൂപം കൊടുത്തു. എല്ലാ ക്ലാസ്സുകളിലും ദിവസേന രണ്ട് പത്രംവീതം വിതരണം ആരംഭിച്ചു. വിദ്യാലയത്തോട് ചേർന്നുള്ള ലൈബ്രറി വിദ്യാർത്ഥികൾ സന്ദർശിച്ചു. എല്ലാ ക്ലാസ്സ് റൂമുകളിലും ലൈബ്രറികൾ ആരംഭിക്കുകയും ചെയ്തു. വായന ദിനത്തോടനുബന്ധിച്ച് വായന മത്സരവും സംഘടിപ്പിച്ചു.

## സ്കൂൾ ഇലക്ഷൻ

ഇന്ത്യയുടെ ഏറ്റവും വലിയ പ്രത്യേകതയായ ജനാധിപത്യത്തിന്റെ സവിശേഷതകളെപ്പറ്റി മനസ്സിലാക്കുവാൻ ഉതകുന്ന വിധത്തിൽ വിദ്യാലയത്തിൽ സ്കൂൾ ഇലക്ഷൻ നടത്തി. തിരഞ്ഞെടുപ്പിന്റെ എല്ലാ നല്ലവശങ്ങളും മനസ്സിലാക്കിക്കൊണ്ട് വിദ്യാർത്ഥികൾ ഇലക്ഷനിൽ പങ്കുകൊണ്ടു.

# എൻ.എച്ച്.എസ്.എസ്. എരുമമുണ്ട

## പ്രതിഭകൾക്ക് അനുമോദനവും, വന്ദ്യ.മോൺ മാത്യു അറമ്പാൻകുടിഅച്ചന് സ്വീകരണവും

എരുമമുണ്ട: എരുമമുണ്ട നിർമ്മല ഹയർസെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിന് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ പ്രതിഭകൾക്ക് അനുമോദനവും, ബത്തേരി രൂപത വികാരി ജനറാളായി സ്ഥാനമേറ്റ വന്ദ്യ. മോൺ മാത്യു അറമ്പൻകുടിയച്ചന് സ്വീകരണവും, വിവിധപരിപാടികളോടെ സ്കൂളിൽ നടന്നു. കോർപ്പറേറ്റ് കറസ്പോണ്ടന്റ് റവ. ഫാ. പോൾസൺ ആറ്റുപുറം, റവ. ഫാ. തോമസ് മണ്ണിത്തോട്ടം (ബർസാർ ഹയർ എഡ്യുക്കേഷൻ), റവ.ഫാ. റോയി വലിയപറമ്പിൽ (ലോക്കൽ മാനേജർ) എന്നിവരും പങ്കെടുത്തു. പിന്നാക്ക പ്രദേശമായ എരുമമുണ്ടയിൽ പരിമിത സാഹചര്യങ്ങളിൽ നിലകൊള്ളുന്ന വിദ്യാലയം. പ്രദേശത്തെ ഏറ്റവും ഉയർന്ന വിജയശതമാനം (97.5%) കൈവരിച്ച നേട്ടമായി എല്ലാവരും എടുത്തു പറഞ്ഞു.

## മാർ ബസേലിയോസ് ബി.എഡ്.കോളേജ് ബത്തേരി

### ബൗദ്ധീക അറിവിനേക്കാൾ ഹൃദയതലത്തിലുള്ള അറിവുള്ളവരാകണം അധ്യാപകർ– ഡോ. ജോസഫ് മാർ തോമസ്

ബത്തേരി മാർ ബസേലിയോസ് കോളേജ് ഓഫ് എഡ്യുക്കേഷനിൽ 2017–19 ബി.എഡ് ബാച്ചിന്റെ ഉദ്ഘാടനം ബത്തേരി ബിഷപ്പ് ഡോ. ജോസഫ് മാർ തോമസ് നിർവ്വഹിച്ചു.. ബൗദ്ധീക അറിവിനേക്കാൾ ഹൃദയതലത്തിലുള്ള അറിവുള്ളവരാകണം അധ്യാപകർ എന്നും, മഹത്തായ ഒരു ദാർശനികതയാണ് ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ സവിശേഷത എന്നും ഈ ദാർശനികത നഷ്ടപ്പെടുന്ന അധ്യാപക സമൂഹം നമ്മുടെ രാജ്യത്തിന്റെ നാശത്തിന് കാരണമാകുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ ബത്തേരി രൂപത മുഖ്യ വികാരി ജനറാൾ മോൺ. മാത്യു അറമ്പൻകുടി അധ്യക്ഷത വഹിച്ചു.

### യാത്രയയപ്പു സമ്മേളനം

2015–17 ബാച്ച് വിദ്യാർത്ഥികളുടെ യാത്രയയപ്പ് 8–7–2017 ന് കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ശ്രീ. അനിൽകുമാർ സ്വാഗതം ആശംസിച്ചു. കോളേജ് ബർസാറും ഡി.എഡ് വിഭാഗം പ്രിൻസിപ്പാളുമായ റവ.ഫാ. സാമുവൽ പുതുപ്പാടി ആദ്ധ്യക്ഷ്യം വഹിച്ചു. രൂപതാ ചീഫ് ഫൈനാൻസ് ഓഫീസർ റവ. ഫാ. തോമസ് മണ്ണിത്തോട്ടം ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡി.എഡ്.വിഭാഗം വൈസ് പ്രിൻസിപ്പാൾ ശ്രീ.ബിനോജ്, യൂണിയൻ അഡ്വൈസർ ശ്രീ. രജീഷ് കുമാർ, യൂണിയൻ ചെയർമാൻ അജയ് എന്നിവർ സംസാരിച്ചു.

## അൽഫോൻസ ആർട്സ്& സയൻസ് കോളേജ്

ബത്തേരി : ലോകലഹരി വിരുദ്ധ ദിനത്തിനോടനുബന്ധിച്ച് അൽഫോൻസ ആർട്സ് ആന്റ് സയൻസ് കോളേജിൽ ചുമർ ചിത്രപ്രദർശനം സംഘടിപ്പിച്ചു. കോളേജിലെ സീനിയർ അദ്ധ്യാപകനായ ജോൺ വില്ലോത്ത് ഉദ്ഘാടനം ചെയ്തു. അതോടനുബന്ധിച്ച് വിദ്യാർത്ഥികളുടെ ഒപ്പുശേഖണം നടത്തി.

### ടീച്ചേഴ്സ് ഓറിയന്റേഷൻ പ്രോഗ്രാം

2017 –18 അദ്ധ്യയനവർഷത്തോടനുബന്ധിച്ച് അദ്ധ്യാപകർക്കുവേണ്ടി ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. ഡോ. സി.എൻ. ബാലകൃഷ്ണൻ നമ്പ്യാർ,

പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. മോഹൻബാബു യോഗത്തിന് സ്വാഗതം ആശംസിച്ചു. ശ്രീമതി ഇന്ദിരടീച്ചർ നന്ദിയർപ്പിച്ചു.

### സ്റ്റുഡന്റ്സ് ഓറിയന്റേഷൻ പ്രോഗ്രാം

2017–18 അദ്ധ്യയനവർഷത്തിൽ വിദ്യാർത്ഥികൾക്കുവേണ്ടി അൽഫോൻസ കോളേജിൽ ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. യോഗത്തിൽ കോളേജ് വൈസ് പ്രിൻസിപ്പൽ പ്രൊഫ.തരിയത്ത് സ്വാഗതം ആശംസിച്ചു. പ്രസ്തുത പ്രോഗ്രാം രൂപതദ്ധ്യാക്ഷൻ ഉദ്ഘാടനം ചെയ്തു.

## പഴശ്ശിരാജ കോളേജ് , പുൽപ്പള്ളി

### ദേശീയ ശിൽപശാല

പഴശ്ശിരാജ കോളേജ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ യു.ജി.സി. സഹായത്തോടെ ഗവേഷണത്തിൽ സ്റ്റാസ്റ്റിക്കൽ സോഫ്റ്റ് വെയറുകളുടെ ഉപയോഗം എന്ന വിഷയത്തിൽ ദേശീയ ശില്പശാല നടന്നു. ബത്തേരി രൂപതാ ഉന്നതവിദ്യാഭ്യാസ സെക്രട്ടറി റവ.ഫാ. ടോണി കോഴിമണ്ണിൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ.എ.ഒ.റോയ് അദ്ധ്യക്ഷത വഹിച്ചു. പ്രൊഫസർമാരായ കെ.ടി. തോമാച്ചൻ, ബിജു എബ്രഹാം , ടി.മുഹമ്മദ് നിഷാദ് എന്നിവർ ക്ലാസ്സ് നയിച്ചു.

## ഐ.ടെക് ബത്തേരി

### കോഴ്സുകൾ ആരംഭിക്കുന്നു

ബത്തേരി ഐ.ടെക് പ്രൈവറ്റ് ഐ.ടി.ഐ.യിൽ കേന്ദ്ര ഗവൺമെന്റിന്റെയും (എൻ.സി.വി.ടി.) കേരള ഗവൺമെന്റിന്റെയും (കെ.ജി.സി.ഇ) തൊഴിലധിഷ്ഠിത കോഴ്സുകൾ ആഗസ്റ്റ് മുതൽ ആരംഭിക്കുന്നു.

### കേന്ദ്രഗവൺമെന്റ് കോഴ്സുകൾ

ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഇലക്ട്രോണിക് മെക്കാനിക്ക്, ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങ് ഓപ്പറേറ്റർ

### കേരള ഗവൺമെന്റ് കോഴ്സുകൾ

ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്.

ഫോൺ. 04936 220441, 265550, 8547420441, 9995979459

# ആശംസകൾ നേരാം

## Feast Day

### August 2017

| | | | |
|---|---|---|---|
| Fr. | Panachiparambil John | - | 04 |
| Fr. | Charuvilaputhenveettil Louis | - | 25 |

## Ordination Day

### August 2017

| | | |
|---|---|---|
| Fr. Edakkalathur Anto | - | 13-08-2008 |

## Birthday Day

### August 2017

| | | | |
|---|---|---|---|
| 1. | Fr. Munduvelil Jose | - | 01-08-1971 |
| 2. | Fr. Puthuppadi Samuel | - | 08-08-1977 |
| 3. | Fr. Cheruparambil Jimmi | - | 08-09-1978 |
| 4. | Fr. Christumandiram Thomas | - | 09-08-1972 |
| 5. | Fr. Pulickal Varghese | - | 12-08-1953 |
| 6. | Fr. Perumbillikkunnel Mathew | - | 25-08-1972 |

## Death Anniversary

| | |
|---|---|
| വന്ദ്യ മാത്യൂസ് ചാമക്കാലായിൽ റമ്പാച്ചൻ | 07 - 08 - 2015 |

## സംഭാവന

### തപോവനം – ആഗസ്റ്റ് 2017

| | | | |
|---|---|---|---|
| 1. | വിപിൻ പാപ്പശ്ശേരി | - | 3000 |
| 2. | ജോസ് കരോട്ടുപറമ്പിൽ തുഷാരഗിരി | - | 10000 |
| 3. | വിസ്മയ ഹോസ്പിറ്റൽ, സുൽത്താൻ ബത്തേരി | - | 10000 |
| 4. | ജെയിംസ് അമ്പലവയൽ | - | 5000 |
| 5. | സെന്റ് മേരീസ് ചർച്ച്, ചെളിവയൽ | - | 3000 |
| 6. | മാത്യു, ആറ്റിൻകര, ബത്തേരി | - | 6000 |
| 7. | ബേബി, കട്ടച്ചിറ, ബത്തേരി | - | 4000 |
| 8. | ഷിജു കൊളഗപ്പാറ | - | 2500 |
| 9. | നിള മീനങ്ങാടി | - | 3000 |
| 10. | സജി, പൂമല, ബത്തേരി | - | 1500 |
| 11. | ആമ്പേൽ, തൃശ്ശൂർ | - | 5000 |

## ബിഷപ്പ് ചാരിറ്റി ഫണ്ട് - സംഭാവന നൽകിയവർ

| | |
|---|---|
| • Sisters Thrippadam | 2000 |
| • Bangalore parish | 20000 |
| • Cheeral parish | 3000 |
| • Chulliyode parish | 2000 |
| • Koilery parish | 3000 |
| • Vincent De paul | 1000 |
| • MCA Mananthavady | 2000 |
| • Narocavu Parish | 5000 |
| • Edakkara Parish | 5000 |
| • Mananthavady Parish | 4000 |

## ബിഷപ്പ് ചാരിറ്റി ഫണ്ട് - സഹായം സ്വീകരിച്ചവർ

| | |
|---|---|
| • Marriage help -Suhara | 15000 |
| • Poor family | 10000 |
| • Education help - Ancy | 5000 |
| • Education help - Rosy | 25000 |
| • Widow - Mary | 5000 |
| • Balabhavan Pulppally | 10000 |
| • Poor help - Muralikrishnan | 10000 |
| • Catechism | 10000 |
| • Housing help | 7000 |

# അറിയിപ്പുകൾ

1. ബത്തേരി രൂപതയിലെ വൈദികരുടെ വാർഷികധ്യാനം **ഒക്ടോബർ 16 മുതൽ 20 വരെ വാളവയൽ ശാന്തിധാര** ആശ്രമത്തിൽ വെച്ച് നടക്കുന്നതാണ്. ധ്യാനം നയിക്കുന്നത് **ജോമോൻ കണിയാംപറമ്പിൽ** എം.സി.ബി.എസ്. അച്ചനാണ്.

2. രൂപതയിലെ ജൂനിയർ പ്രീസ്റ്റ് മീറ്റ് ഈ വരുന്ന **ഒക്ടോബർ 4,5,6** തീയതികളിൽ അരമനയിൽവെച്ച് നടക്കുന്നതാണ്. 10 വർഷത്തിനുള്ളിൽ വൈദികപട്ടം സ്വീകരിച്ച എല്ലാവരും മീറ്റിങ്ങിൽ പങ്കെടുക്കേണ്ടതാണ്.

**ഫാ. ഫിലിപ്പ് വെട്ടിക്കാട്ട്**
ചാൻസിലർ



# സ്മരണീയ ദിനങ്ങൾ

## ആഗസ്റ്റ് 2017

1 പതിനഞ്ചു നോമ്പാരംഭം

4 വൈദികരുടെ മദ്ധ്യസ്ഥനായ വി.ജോൺ മരിയ വിയാനി

6 നമ്മുടെ കർത്താവിന്റെ തേജസ്കരണം
ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ
മെത്രാഭിഷേക വാർഷികം

9 മാർ മത്തിയാസ് ശ്ലീഹ

13 തേജസ്കരണ ശേഷം ഒന്നാം ഞായർ

15 ശൂനോയോ പെരുന്നാൾ (വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം)
പതിനഞ്ചുനോമ്പുവീടൽ
മോറോൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയുടെ
മെത്രാഭിഷേക വാർഷികം

20 തേജസ്കരണശേഷം രണ്ടാം ഞായർ
സാമൂഹ്യനീതി ഞായർ

27 തേജസ്കരണശേഷം മൂന്നാം ഞായർ

29 വി. എവുപ്രാസിയ

# ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 64 –ാം ഓർമ്മപ്പെരുന്നാൾ – തീർത്ഥാടനപദയാത്ര

























# SOORYODHAYA ASSOCIATES

Pulikkal Building, Main Road,
Sulthan Bathery, Wayanad-673592,



## K. Surendran

Licenced Civil Engineering Consultant
Mob : 9447716723

E-mail.sooryabathery@gmail.com,
sungsooryodosby@rediffmail.com


From: Chancellor, Bishop's House, Sulthan Bathery
Wayanad, Kerala, India Tel: 04936 220207, 9446492543
email: exodussby@gmail.com